

# ടൈംസ് ഓഫ് അമേരിക്ക

TIMES of AMERICA

2026
സെപ്റ്റംബർ
15 – 30

Volume XX Issue 18

## അമേരിക്കൻ മലയാളിയുടെ സമ്പൂർണ്ണ വാർത്താ ദ്വൈമാസിക





Cheif Editor: **George Thazhakara**
Tel: + 944 73 55710
e-mail:**georgethazhakara@gmail.com**

TIMES OF AMERICA.ORG ONLINE BI- WEEKLY
www: **timesofamerica.org**
News Cordination: Joychan Puthukulam

Managing Editor: **Mathew George**
Tel: 267-991-2111



- Air Tickets
- Vacation & Cruise Booking
- Group Tour Packages
- Passport, Visa & OCI Services
- Passport Photos

FOR ALL YOU TRAVEL NEEDS PLEASE CONTACT US

(833) 8 GLOBAL | (215) 464-8253

GLOBAL TRAVEL EXPERTS

Main Office : 9823 Bustleton Ave., Philadelphia, PA 19115 | New York (516) 321-4200 | New Jersey (732) 853-8900 | Philadelphia (215) 464-8253


# ഇടക്കാല തിരഞ്ഞെടുപ്പിൽ റിപ്പബ്ലിക്കന്മാർ ജയിച്ചാൽ മുതിർന്ന പൗരന്മാർക്ക് 5,000 ഡോളർ നൽകും; ട്രംപ്

**പി. പി ചെറിയാൻ**



ഡാളസ്: നവംബർ മാസത്തെ ഇടക്കാല തിരഞ്ഞെടുപ്പിൽ റിപ്പബ്ലിക്കൻ പാർട്ടി കോൺഗ്രസിന്റെ ഇരു സഭകളും പിടിച്ചെടുത്താൽ അമേരിക്കയിലെ എല്ലാ മുതിർന്ന പൗരന്മാർക്കും 5,000 ഡോളർ വീതം നൽകുമെന്ന് ട്രംപ് പ്രഖ്യാപിച്ചു.

ഇടക്കാല തിരഞ്ഞെടുപ്പിന് മുന്നോടിയായി റിപ്പബ്ലിക്കൻ പാർട്ടിയെ സജ്ജമാക്കാൻ ലക്ഷ്യമിട്ട് സെപ്തംബർ 9 ബുധനാഴ്ച വൈകിട്ട് ഡാലസിൽ  നടന്ന കൺവെൻഷനിൽ പ്രസംഗിക്കുകയായിരുന്നു അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. രാജ്യത്തെ സാമ്പത്തിക വളർച്ചയുടെ ഫലമായാണ് തുക നൽകുന്നതെന്നും ഈ തുക യു.എസിനുള്ളിൽ തന്നെ ചെലവഴിക്കണമെന്നതാണ് ഒരേയൊരു നിബന്ധനയെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

എന്നാൽ ഈ തുക എങ്ങനെ വിതരണം ചെയ്യു മെന്നതിനെക്കുറിച്ചോ ഇതിന്റെ നിയമസാധുതയെക്കുറിച്ചോ വ്യക്തതയില്ല. ഡാലസിൽ നടക്കുന്ന രണ്ട് ദിവസത്തെ ചടങ്ങിൽ വൈസ് പ്രസിഡന്റ് ജെ.ഡി. വാൻസ് ഉൾപ്പെടെയുള്ള പ്രമുഖരും സംസാരിക്കുന്നുണ്ട്. അതേസമയം, യഥാർത്ഥ പ്രശ്നങ്ങളിൽ നിന്ന് ശ്രദ്ധ തിരിക്കാനുള്ള നാടകീയ നീക്കമാണിതെന്ന് ഡെമോക്രാറ്റുകൾ ആരോപിച്ചു.

ഇടക്കാല തിരഞ്ഞെടുപ്പുകളിൽ ഭരണത്തിലിരിക്കുന്ന പ്രസിഡന്റുമാർക്ക് നേരിടേണ്ടിവരുന്ന ബുദ്ധിമുട്ടുകൾ ചൂണ്ടിക്കാണിച്ച അദ്ദേഹം, തന്നെക്കൂടി വോട്ടർമാർ പരിഗണിക്കണമെന്ന് ആവശ്യപ്പെട്ടു.

പാർട്ടി സ്ഥാനാർത്ഥികളുടെ വിജയത്തിനായി 35ഓളം മത്സരങ്ങളിൽ താൻ നേരിട്ട് പ്രചാരണത്തിനിറങ്ങുമെന്നും ട്രംപ് അറിയിച്ചു. വൈസ് പ്രസിഡന്റ് ജെ.ഡി. വാൻസ് ഉൾപ്പെടെയുള്ള പ്രമുഖർ ചടങ്ങിൽ പങ്കെടുത്തു.

# ആർട്ടിഫിഷ്യൽ ഇന്റലിജൻസ് വളർച്ച വേഗത കുറയ്ക്കണമെന്ന് കമലാ ഹാരിസ്



വാഷിങ്ടൺ: ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതിക വിദ്യയുടെ അതിവേഗ വളർച്ചയ്ക്കെതിരെ മുന്നറിയിപ്പുമായി മുൻ യു.എസ് വൈസ് പ്രസിഡന്റ് കമലാ ഹാരിസ്. സാങ്കേതികവിദ്യ മനുഷ്യന്റെ നിയന്ത്രണത്തിന് അതീതമായി മാറിയേക്കാമെന്ന് അവർ വ്യക്തമാക്കി.

വിപുലമായ എഐ സിസ്റ്റങ്ങൾ പരിശോധിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായി പുതിയൊരു ഫെഡറൽ ഏജൻസി രൂപീകരിക്കാൻ കോൺഗ്രസിനോട് കമല ഹാരിസ് ആവശ്യപ്പെട്ടു.

ചൈനയുൾപ്പെടെയുള്ള രാജ്യങ്ങളുമായി ചേർന്ന് എഐ സുരക്ഷയ്ക്കായി ആഗോള മാനദണ്ഡങ്ങളും അന്താരാഷ്ട്ര കരാറും നടപ്പിലാക്കാൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിനോട് അവർ അഭ്യർത്ഥിച്ചു.

ഏറ്റവും പുതിയ എഐ മോഡലുകളുടെ വികസനം മന്ദഗതിയിലാക്കണമെന്ന് ആന്ത്രാപിക് സി.ഇ.ഒ ഡാരിയോ അമോഡി ആവശ്യപ്പെട്ടതിന് പിന്നാലെയാണ് കമലയുടെ പ്രതികരണം. ഓപ്പൺ ഐഎ മേധാവി സാം ആൾട്ട്മാൻ, ഇലോൺ മസ്ക് എന്നിവരും ഇതിനെ പിന്തുണച്ചിട്ടുണ്ട്.

എഐ സുരക്ഷാ ആശങ്കകളെ വ്യാജപ്രചാരണം എന്ന് വിശേഷിപ്പിച്ച പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്, വികസനം മന്ദഗതിയിലാക്കുന്നത് ചൈനയ്ക്ക് മേൽക്കോയ്മ നൽകുമെന്ന വാദവുമായി ഇതിനെ എതിർത്തു. വൈദ്യശാസ്ത്ര രംഗത്തെ നേട്ടങ്ങൾ കൈവിടാതെയുള്ള സുരക്ഷാ മുൻകരുതലുകളാണ് വേണ്ടതെന്ന് കമല ഹാരിസ് കൂട്ടിച്ചേർത്തു.

## ഇൽഹാൻ ഒമറിന് എതിരെ അന്വേഷണം പ്രഖ്യാപിച്ചു

വാഷിംഗ്ടൺ: സോമാലിയൻ വംശജയും യു.എസ്. കോൺഗ്രസ് അംഗവുമായ ഇൽഹാൻ മഒമറിനെതിരെ  ഔദ്യോഗിക അന്വേഷണം പുരോഗമിക്കുന്നതായി ഹോംലാൻഡ് സെക്യൂരിറ്റി സെക്രട്ടറി മാർക്ക്വെയ്ൻ മുല്ലിൻ സ്ഥിരീകരിച്ചു.

യു.എസിലേക്ക് കുടിയേറുന്നതിനായി ഇൽഹാൻ ഒമർ തന്റെ സ്വന്തം സഹോദരനെയാണ് വിവാഹം കഴിച്ചതെന്ന ആരോപണത്തിലാണ് ഈ നടപടി. ഡാളസിൽ നടന്ന റിപ്പബ്ലിക്കൻ കൺവെൻഷനിടെ കൺസർവേറ്റീവ് മാധ്യമപ്രവർത്തകൻ ബെന്നി ജോൺസന് നൽകിയ അഭിമുഖത്തിലാണ് മുല്ലിൻ ഇക്കാര്യം വ്യക്തമാക്കിയത്. 'യു.എസിലേക്ക് കൊണ്ടുവരാൻ ശ്രമിക്കുന്നതിന്റെ ഭാഗമായാണ് തന്റെ സഹോദരനെ വിവാഹം കഴിച്ചതെന്ന് നമുക്കറിയാം. ഇതിൽ ചില നിയമവിരുദ്ധ പ്രവർത്തനങ്ങളും നടന്നിട്ടുണ്ട്' എന്ന് അദ്ദേഹം പറഞ്ഞു.

ഇൽഹാൻ ഒമറുടെ കുടുംബത്തിന്റെ കുടിയേറ്റ ചരിത്രവും വ്യാജരേഖ ചമയ്ക്കൽ ഉൾപ്പെടെയുള്ള കാര്യങ്ങളും ഫെഡറൽ അന്വേഷണ സംഘം പരിശോധിച്ചു വരികയാണെന്ന് ഹോംലാൻഡ് സെക്യൂരിറ്റി വിഭാഗം അറിയിച്ചു. കുടിയേറ്റ നിയമങ്ങൾ ലംഘിച്ചതായി കോടതിയിൽ കുറ്റമാരോപിക്കാൻ തെളിവുകൾ ലഭിച്ചാൽ, അമേരിക്കൻ പൗരത്വം റദ്ദാക്കി അവരെ നാടുകടത്തുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമെന്നും അധികൃതർ സൂചിപ്പിച്ചു.

നിയമലംഘനങ്ങൾ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് അന്വേഷണമെന്നും മുല്ലിൻ വ്യക്തമാക്കി.


സാംസ്കാരികം

അമേരിക്കൻ മലയാളിയുടെ സമഗ്ര വാർത്ത പത്രിക

ടൈംസ് ഓഫ് അമേരിക്കൻ മലയാളി ഡോട്ട് കോം


പി. ഡി. എഫ് ഫയലിനോടൊപ്പം
പ്രതിമാസ സാംസ്കാരിക മാസിക

സാഹിത്യ സാംസ്കാരികതയുടെ പ്രതിഫലനം

www.timesofamericanmalayali.com


ഈ ലക്കത്തിൽ

സാഹിത്യം സംസ്കാരം തുടങ്ങിയ പതിവു പംക്തികൾ

## എം. പി. പരമേശ്വരന്റെ വിചാരലോകം

ജോർജ് തഴക്കര





## അഴീക്കോട് എന്ന വിചാരശില്പി



ഡോ.പോൾ മണലിൽ

# ആർട്ടിഫിഷ്യൽ ഇന്റലിജൻസ് കോളേജ് സ്ഥാപിക്കുന്നതിനു ഇന്ത്യൻ വംശജർ നൽകിയത് 20 ദശലക്ഷം ഡോളർ

- പി. പി ചെറിയാൻ



ടെക്സസ്: നോർത്ത് ടെക്സസ് സർവകലാശാലയ്ക്ക് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് കോളേജ് സ്ഥാപിക്കുന്നതിനായി ഇന്ത്യൻ വംശജരായ അനുരാധ വികാസ് സിൻഹ ദമ്പതികൾ 20 ദശലക്ഷം ഡോളർ (ഏകദേശം 166കോടി രൂപ) സംഭാവനയായി നൽകി.

ഈ പുതിയ കോളേജിന് ദമ്പതികളുടെ പേരാണ് നൽകിയിരിക്കുന്നത്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഡാറ്റ അനലിറ്റിക്സ്, സൈബർ സുരക്ഷ എന്നിവയിൽ ഉന്നത വിദ്യാഭ്യാസം നൽകുന്നതാണ് ഈ പുതിയ സ്ഥാപനം. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ നൽകുന്നതിനും നൂതന ഗവേഷണങ്ങൾക്കുമായാണ് ഈ തുക പ്രധാനമായും ഉപയോഗിക്കുന്നത്. കുടിയേറ്റക്കാരായ തങ്ങൾക്ക് വിദ്യാഭ്യാസം നൽകിയ അവസരങ്ങൾ മറ്റുള്ളവർക്കും ലഭ്യമാക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നതെന്ന് ദമ്പതികൾ വ്യക്തമാക്കി.

# മലയാളി ഹൈന്ദവ യുവതീയുവാക്കൾക്കായി കെ. എച്ച്. എൻ. എ. മംഗല്യസൂത്രം മാട്രിമോണിയൽ പോർട്ടലിനു തുടക്കം




- ജയപ്രകാശ് നായർ

ന്യൂയോർക്ക്: ലോകമെമ്പാടുമുള്ള മലയാളി ഹൈന്ദവ യുവതീയുവാക്കൾക്ക് അനുയോജ്യരായ ജീവിതപങ്കാളിയെ കണ്ടെത്തുന്നതിനായി കേരള ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്ക തങ്ങളുടെ ഔദ്യോഗിക മാട്രിമോണിയൽ വെബ്സൈറ്റായ മംഗല്യസൂത്രംപുറത്തിറക്കുന്നു.

സെപ്റ്റംബർ 12ന് രാത്രി 9ന് (ഈസ്റ്റേൺ ടൈം) സൂം പ്ലാറ്റ്ഫോം വഴിയാണ് വെബ്സൈറ്റിന്റെ ഔദ്യോഗിക ഉദ്ഘാടനം നടക്കുന്നത്.

പ്രശസ്ത സിനിമാ താരം ഷാജു ശ്രീധർ പദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിക്കും. പ്രശസ്ത തിരക്കഥാകൃത്തും കേരള സാഹിത്യ അക്കാഡമി അവാർഡ് ജേതാവുമായ സുനീഷ് വാരനാട് ചടങ്ങിൽ ആശംസകൾ അർപ്പിച്ചു സംസാരിക്കും. സുപ്രസിദ്ധ സോപാന സംഗീതജ്ഞ കെ.എം.പി. ഭദ്രയുടെ സംഗീതാലാപനവും ചടങ്ങിന് മാറ്റുകൂട്ടും.

ലോകത്തിന്റെ ഏത് കോണിലുള്ള മലയാളി ഹൈന്ദവർക്കും പരസ്പരം ബന്ധപ്പെടാനും അനുയോജ്യരായ പങ്കാളികളെ കണ്ടെത്താനും സഹായിക്കുന്ന ഒരു വിശ്വസ്ത പ്ലാറ്റ്ഫോം ഒരുക്കുക എന്നതാണ് മംഗല്യസൂത്രം കൊണ്ട് തങ്ങൾ ലക്ഷ്യമിടുന്നതെന്ന് കെ.എച്ച്.എൻ.എ. പ്രസിഡന്റ് റ്റി. ഉണ്ണിക്കൃഷ്ണൻ പറഞ്ഞു. ഈ സംരംഭത്തിന്റെ വിജയത്തിനായി ഏവരുടെയും സഹകരണം അദ്ദേഹം അഭ്യർത്ഥിച്ചു.

നോർത്ത് അമേരിക്കയിലുള്ള മലയാളി ഹിന്ദുക്കൾ വളരെയേറെ ആഗ്രഹിക്കുകയും ആശ്രയിക്കുകയും ചെയ്യുന്ന ഒരു സേവനമാണിതെന്ന് ട്രസ്റ്റി ചെയർ വനജ നായർ പറഞ്ഞു.

വെബ്സൈറ്റിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്കായി സുരേഷ് നായർ ചെയർമാനായി പ്രത്യേക സമിതി രൂപീകരിച്ചിട്ടുണ്ട്. ശ്രീജിത്ത് ശ്രീനിവാസൻ, നന്ദകുമാർ ചക്കിങ്ങൽ, ഡോ. സുധീർ പ്രയാഗ, ഡോ.രഞ്ജിനി പിള്ള എന്നിവരാണ് സമിതിയിലെ മറ്റ് അംഗങ്ങൾ.

# ഫൊക്കാന കേരള കൺവൻഷൻ ജനുവരിയിൽ; ജോർജി വർഗ്ഗീസ്, പോൾ കറുകപ്പിള്ളിൽ, കോശി കുരുവിള എന്നിവർ ചുമതല വഹിക്കും



2027 ജനുവരി 11 മുതൽ 13 വരെ കൊച്ചി ബോൾഗാട്ടി ഗ്രാൻഡ് ഹയാത്തിൽ നടക്കുന്ന കേരളാ കൺവെൻഷൻ ചെയർമാനായി മുൻ ഫൊക്കാന പ്രസിഡണ്ട് ജോർജി വർഗീസ് (ഫ്ലോറിഡ), കോർഡിനേറ്ററായി മുൻ ഫൊക്കാന പ്രസിഡണ്ട് പോൾ കറുകപ്പിള്ളിൽ, രജിസ്ട്രേഷൻ കമ്മിറ്റി ചെയർമാനായി കോശി കുരുവിള എന്നിവരെ തിരഞ്ഞെടുത്തു. ഫ്രാൻസിസ് കിഴക്കേകൂറ്റ് റിസപ്ഷൻ കമ്മിറ്റി ചെയർമാൻ ആയും ഷീല ജോസഫ് വൈസ് ചെയർപേഴ്സണായും പ്രവർത്തിക്കും.

ഫൊക്കാന ടുഡേ എഡിറ്റർ, ട്രസ്റ്റി ബോർഡ് അംഗം, ട്രസ്റ്റി ബോർഡ് ചെയർമാൻ, ഇലക്ഷൻ കമ്മീഷൻ ചെയർമാൻ തുടങ്ങി നിരവധി ചുമതലകൾ വഹിച്ച വ്യക്തിയാണ് ജോർജി വർഗ്ഗീസ്.

ഫൊക്കാന കേരളാ കൺവൻഷൻ കോ ഓർഡിനേറ്ററായി തെരഞ്ഞെടുക്കപ്പെട്ട പോൾ കറുകപ്പിള്ളിൽ ഫൊക്കാനയുടെ മുൻ പ്രസിഡന്റ് ആണ്. രണ്ടുതവണ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം ചരിത്രപ്രസിദ്ധമായ ആൽബനി കൺവൻഷന്റെ സംഘാടകൻ എന്ന നിലയിൽ ശ്രദ്ധേയനായനാണ്. ഫൊക്കാന ട്രസ്റ്റി ബോർഡ് ചെയർമാൻ, കേരളാ കൺവൻഷൻ ചെയർമാൻ എന്നീ നിലകളിലും പ്രവർത്തിച്ചു.

രജിസ്ട്രേഷൻ കമ്മിറ്റി ചെയർമാൻ കോശി കുരുവിള ഫൊക്കാനയുടെ വിവിധ തലങ്ങളിൽ സേവനം അനുഷ്ഠിച്ച മികച്ച സംഘാടകൻ ആണ്. കലഹാരി കൺവൻഷൻ രജിസ്ട്രേഷൻ, റീജിയണൽ വൈസ് പ്രസിഡന്റ് മുതലായ സ്തുത്യർഹമായ ചുമതലകൾ നിർവഹിച്ചു. ഫൊക്കാനയുടെ പ്രവർത്തനങ്ങൾക്ക് നൽകുന്ന അകമഴിഞ്ഞ സേവനം വിലമതിക്കേണ്ടതാണ്.

റിസപ്ഷൻ കമ്മിറ്റി ചെയർമാൻ ഫ്രാൻസിസ് കിഴക്കേകൂറ്റ് ചിക്കാഗോയിലെ പ്രമുഖ പൊതു പ്രവർത്തകനും, ഉഴവൂർ അലുമ്നി അസോസിയേഷൻ പ്രസിഡന്റുമായി പ്രവർത്തിച്ചിട്ടുണ്ട്. രണ്ടു വട്ടം ഫൊക്കാനയുടെ റീജിയണൽ വൈസ് പ്രസിഡണ്ട് ആയും സ്തുത്യർഹമായ സേവനം ചെയ്തു.

വൈസ് ചെയർപേഴ്സണായ ഷീല ജോസഫ്, ഫൊക്കാനയുടെ വിവിധ ചുമതലകൾ നിർവഹിച്ചു. മികച്ച സംഘാടകയും, മിഡ് ഹഡ്സൺ അസോസിയേഷന്റെ മുൻ പ്രസിഡന്റും, ഇപ്പോൾ ന്യൂജേഴ്സി നാമം അസോസിയേഷന്റെ കമ്മറ്റി മെമ്പറുമാണ്.

ജോർജി വർഗീസ്, പോൾ കറുകപ്പിള്ളിൽ, കോശി കുരുവിള, ഫ്രാൻസിസ് കിഴക്കേകൂറ്റ്, ഷീല ജോസഫ് എന്നിവരുടെ നീയമാനത്തോട് കൂടി ഫൊക്കാന കേരളാ കൺവൻഷൻ എന്തുകൊണ്ടും ശ്രദ്ധേയമായിരിക്കുമെന്ന് ഫൊക്കാനാ പ്രസിഡന്റ് ഫിലിപ്പോസ് ഫിലിപ്പ്, ജനറൽ സെക്രട്ടറി സന്തോഷ് നായർ, ട്രഷറർ ആന്റോ വർക്കി എന്നിവർ അറിയിച്ചു.

# യാക്കോബായ സഭയുടെ പ്രഥമ യൂത്ത് ആന്റ് ഫാമിലി കോൺഫറൻസ് നവംബർ 27 മുതൽ ബ്രാംപ്ടണിൽ



ബ്രാംപ്ടൺ: മലങ്കര യാക്കോബായ സുറിയാനി ഓർത്തഡോക്സ് സഭയുടെ പ്രഥമ വാർഷിക യൂത്ത് ആന്റ് ഫാമിലി കോൺഫറൻസ് നവംബർ 27 മുതൽ 29 വരെ നടക്കും. കാനഡ ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ ബ്രാംപ്ടൺ കോർട്ടിയാർഡ് മാരിയറ്റിൽ വെച്ചാണ് സമ്മേളനം സംഘടിപ്പിക്കുന്നത്. സഭയിലെ യുവതലമുറയെയും കുടുംബങ്ങളെയും വിശ്വാസത്തിലും ആത്മീയതയിലും ഒന്നിപ്പിക്കുന്നതിനും, പരസ്പര കൂട്ടായ്മ വർധിപ്പിക്കുന്നതിനുമായാണ് ഈ പ്രഥമ കോൺഫറൻസ് സംഘടിപ്പിക്കുന്നത്.

നോർത്ത് അമേരിക്ക അതിഭദ്രാസനാധിപൻ അഭിവന്ദ്യ യെൽദോ മാർ തീത്തോസ് തിരുമേനിയുടെ നേതൃത്വത്തിൽ നടത്തിയ വാർത്താസമ്മേളനത്തിൽ കോൺഫറൻസിന്റെ ഔദ്യോഗിക പ്രഖ്യാപനം നടത്തി. സഭാ സെക്രട്ടറി ജേക്കബ് സി. മാത്യുവിനെ അഭിവന്ദ്യ തിരുമേനി പൊന്നാട അണിയിച്ച് ആദരിക്കുകയും, കോൺഫറൻസിന്റെ ഔദ്യോഗിക ലോഗോ നൽകി പ്രകാശനം നിർവ്വഹിക്കുകയും ചെയ്തു. പ്രസ് ക്ലബ് അംഗം വിജോ കെ. തുടിയൻ ചടങ്ങിൽ സ്വാഗതം ആശംസിച്ചു.

വാർത്താസമ്മേളനത്തിൽ കാനഡ റീജനൽ അഡ്മിനിസ്ട്രേറ്റർ റവ.ഫാ. എബി മാത്യു, ട്രഷറർ ജെനു മഠത്തിൽ, കൗൺസിൽ അംഗം അജോയ് ജോൺ, സൺഡേ സ്കൂൾ നാഷണൽ ഡയറക്ടർ മീന ജോയി, വനിതാ സമാജം റീജിയൺ കോർഡിനേറ്റർ സൗമ്യ എബി എന്നിവർ പങ്കെടുത്തു. വിവിധ ഇടവക ഭാരവാഹികളും സാംസ്കാരിക നേതാക്കളും മാധ്യമപ്രവർത്തകരും ചടങ്ങിൽ സന്നിഹിതരായി.

# ലാനയുടെ സാഹിത്യോത്സവത്തിൽ പുസ്തക പ്രദർശനം

**– അബ്ദുൾ പുന്നയൂർക്കുളം**

വാഷിംഗ്ടൺ ഡി.സി: വാഷിംഗ്ടണിൽ ആദ്യമായി (ലിറ്ററി അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്ക (ലാന)യുടെ പ്രാദേശിക സമ്മേളനം 25 മുതൽ 27 വരെ ലീസ് ബർഗ് കാരഡോക് ഹാൾ ഹോട്ടൽ കോൺഫറൻസ് നഗർ നടത്തുന്നു.

എഴുത്തുകാരായ സക്കറിയയും വി.ജെ ജെയിംസും പങ്കെടുക്കുന്ന സദസ്സിൽ, മലയാളസാഹിത്യത്തിന്റെ വളർച്ചയേയും പുരോഗതിയേയും മുൻനിർത്തി, ഭാഷാസ്നേഹികളെ പ്രോത്സാഹിപ്പിക്കുന്നതിനായി നോർത്ത് അമേരിക്കയിലും കാനഡയിലുമുള്ള മലയാളി എഴുത്തുകാരുടെ പുസ്തകപ്രദർശനം നടത്തുന്നു. അതിലേക്കായി അമേരിക്കൻ മലയാളികൾക്ക് സുപരിചിതനായ വേണു ഗോപാലൻ കോക്കോടന്റെ അഡ്രസ്സിൽ കൃതികൾ അയച്ചുതരുവാൻ താല്പര്യപ്പെടുന്നു.

"Life’s only nod to fairness was the blindness with which it dealt unfair blows."

-Kate Morton, The Clockmaker's Daughter

# ചിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ പന്ത്രണ്ടാമത് അന്താരാഷ്ട്ര വടംവലി ടൂർണമെന്റ്; കാനഡ ഗ്ലാഡിയേറ്റേഴ്സ് വീണ്ടും ചാമ്പ്യന്മാർ

**– അനിൽ മറ്റത്തിക്കുന്നേൽ**

ചിക്കാഗോ: ചിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ പന്ത്രണ്ടാമത് അന്താരാഷ്ട്ര വടംവലി മത്സരം ആവേശകരമായി സമാപിച്ചപ്പോൾ, കഴിഞ്ഞ വർഷത്തെ ചാമ്പ്യന്മാരായ ഗ്ലാഡിയേറ്റേഴ്സ് കാനഡ വീണ്ടും കിരീടം നിലനിർത്തി. മാണി മെമ്മോറിയൽ റോളിംഗ് ട്രോഫിയും 11,111 ഡോളർ സമ്മാനത്തുകയും സ്വന്തമാക്കിയാണ് ഗ്ലാഡിയേറ്റേഴ്സ് കാനഡ കിരീടം നിലനിർത്തിയത്.

രണ്ടാം സമ്മാനമായ ജോയി മുണ്ടപ്ലാക്കിൽ മെമ്മോറിയൽ എവറോളിങ്ങ് ട്രോഫിയും 5555 ഡോളർ ഉം കോട്ടയം ബ്രദേഴ്സ് കാനഡ ബ്ലൂ ടീം സ്വന്തമാക്കി. വാശിയേറിയ ഫൈനൽ പോരാട്ടത്തിൽ കോട്ടയം ബ്രദേഴ്സ് കാനഡ ബ്ലൂ ടീമിനെ പരാജയപ്പെടുത്തിയാണ് ഗ്ലാഡിയേറ്റേഴ്സ് കാനഡ ചാമ്പ്യന്മാരായത്. സ്റ്റീഫൻ കിഴക്കേക്കുറ്റ് സ്പോൺസർ ചെയ്ത ഗ്ലാഡിയേറ്റേഴ്സ് കാനഡയും സിറിയക് കൂവക്കാട്ടിൽ സ്പോൺസർ ചെയ്ത കെബിസി കോട്ടയം ബ്രദേഴ്സ് കാനഡ ബ്ലൂ ടീമും നോർത്ത് അമേരിക്കൻ വടംവലി വേദികളിലെ ശക്തരായ എതിരാളികളായി ഏറെ ശ്രദ്ധിക്കപ്പെട്ട ടീമുകളാണ്. മൂന്നാം സ്ഥാനത്തിനായുള്ള പോരാട്ടത്തിൽ സ്റ്റീഫൻ കിഴക്കേകുറ്റിന്റെ ലണ്ടൻ ഗ്ലാഡിയേറ്റേഴ്സ്, മുത്ത് കല്ലിടുക്കിലിന്റെ കോട്ടയം ബ്രദേഴ്സ് കാനഡ ബ്ലാക്ക് ടീമിനെ പരാജയപ്പെടുത്തി മറിയം കിഴക്കേക്കുറ്റ് മെമ്മോറിയൽ എവറോളിങ്ങ് ട്രോഫിയും 3333 ഡോളറും അടങ്ങുന്ന മൂന്നാം സ്ഥാനം കരസ്ഥമാക്കി. കെബിസി ബ്ലാക്ക് മഹല്യാ ജ്വല്ലറി നൽകിയ ട്രോഫിയും 1111 ഡോളറും അടങ്ങുന്ന നാലാം സ്ഥാനത്തിന് അർഹരായി.

രാവിലെ 10 മണിക്ക് ആരംഭിച്ച മത്സരങ്ങൾ പാലക്കാട് എം.പി. വി.കെ. ശ്രീകണ്ഠൻ ഉദ്ഘാടനം ചെയ്തു. വൈകുന്നേരം വരെ നീണ്ടുനിന്ന മത്സരങ്ങൾക്കൊപ്പം താളമേളങ്ങളും കലാപരിപാടികളും അരങ്ങേറിയതോടെ ബെൻസൺവില്ലിലെ എനർജി സ്പോർട്സ് കോംപ്ലക്സ് ആവേശത്തിന്റെ അലയൊലികൾക്ക് സാക്ഷിയായി. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി 16 ടീമുകൾ ഇത്തവണത്തെ ടൂർണമെന്റിൽ മാറ്റുരച്ചു. പ്രമുഖ സിനിമാതാരം അൻസിബ ഹസൻ, പ്ലേബാക്ക് സിംഗർ സുധീഷ് ശശികുമാർ, ചിക്കാഗോ യിലെ മറ്റു അനുഗ്രഹീത ഗായകരും കലാകാരന്മാരും അവതരിപ്പിച്ച കലാപരിപാടികൾ വടംവലി മാമാങ്കത്തിന് കൂടുതൽ നിറപ്പകിട്ടേകി.

5,000ലധികം ആളുകൾ വടംവലി കാണാനായി വന്നെത്തിയെന്ന് സംഘാടകർ അറിയിച്ചു. ഇന്ത്യൻ അമേരിക്കൻ രുചിവൈവിധ്യങ്ങളുമായി ഒരുക്കിയ ഫുഡ് ഫെസ്റ്റിവലും പരിപാടിയുടെ ഭാഗമായി നടന്നു. ജോസ് മണക്കാട്ടിന്റെ നേതൃത്വത്തിലാണ് ഫുഡ് ഫെസ്റ്റിവൽ ഏകോപിപ്പിച്ചത്.

റൊണാൾഡ് പൂക്കുമ്പേലിന്റെ നേതൃത്വത്തിലുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയും സിറിയക് കൂവക്കാട്ടിലിന്റെ നേതൃത്വത്തിലുള്ള വടംവലി കമ്മിറ്റിയും ടൂർണമെന്റിന്റെ വിജയത്തിനായി പ്രവർത്തിച്ചു. കാനഡയിൽ നിന്നും നോർത്ത് അമേരിക്കയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും നൂറുകണക്കിന് വടംവലി പ്രേമികളാണ് ഈ കായികമാമാങ്കത്തിൽ പങ്കെടുക്കാനെത്തിയതെന്ന് വടംവലി ടൂർണമെന്റ് ചെയർമാൻ സിറിയക് കൂവക്കാട്ടിൽ അറിയിച്ചു.

ചിക്കാഗോ സോഷ്യൽ ക്ലബ് പ്രസിഡന്റ് റൊണാൾഡ് പൂക്കുമ്പേൽ, വൈസ് പ്രസിഡന്റ് സണ്ണി ഇണ്ടിക്കുഴി, സെക്രട്ടറി രാജു മാനുങ്കൽ, ട്രഷറർ ബിജോയി കാപ്പൻ, ജോയിന്റ് സെക്രട്ടറി തോമസ് പൂതേത് എന്നിവരുടെ നേതൃത്വത്തിലാണ് വടംവലി ടൂർണമെന്റിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചത്. ടൂർണമെന്റ് കമ്മിറ്റിക്ക് സിറിയക്ക് കൂവക്കാട്ടിൽ ചെയർമാനായും, മാനി കരിക്കുളം വൈസ് ചെയർമാനായും, സ്റ്റീഫൻ കിഴക്കേക്കുറ്റ് ജനറൽ കൺവീനറായും, ബിനു കൈതക്കത്തോട്ടിൽ ഫിനാൻസ് ചെയർമാനായും നേതൃത്വം നൽകി.

# ഫീനിക്സിൽ ഇളയരാജ തരംഗം; സംഗീതവിസ്മയമായി രാജാ 50



**– ശ്രീജിത്ത് ശ്രീനിവാസൻ**

അരിസോണ: സംഗീത ഇതിഹാസം ഇളയരാജയുടെ അഞ്ച് പതിറ്റാണ്ട് നീണ്ട സംഗീതയാത്ര ആഘോഷിക്കുന്ന രാജ 50ലൈവ് കൺസേർട്ട് ഫീനിക്സിൽ അവിസ്മരണീയ സംഗീതവിരുന്നായി. അമസോണ ഫിനാൻഷ്യൽ തീയറ്ററിൽ നടന്ന പരിപാടിയിൽ 4,000ത്തിലധികം സംഗീതാസ്വാദകർ പങ്കെടുത്തു.

ഏകദേശം മൂന്ന് മണിക്കൂർ നീണ്ട സംഗീതവിരുന്നിൽ ഇളയരാജയ്ക്കൊപ്പം 40ഓളം സംഗീതജ്ഞർ വേദിയിലെത്തി. വിവിധ സംഗീതോപകരണങ്ങളുടെ അകമ്പടിയോടെ അവതരിപ്പിച്ച ഇളയരാജയുടെ എക്കാലത്തെയും ജനപ്രിയ ഗാനങ്ങൾ സദസ്സിനെ സംഗീതലഹരിയിലാഴ്ത്തി. ചില ഗാനങ്ങളുടെ സംഗീതസംവിധാനത്തിൽ വിവിധ വാദ്യോപകരണങ്ങൾ എങ്ങനെ നിർണായക പങ്കുവഹിക്കുന്നുവെന്ന് ഇളയരാജ തന്നെ വേദിയിൽ വിശദീകരിച്ചതും സംഗീതപ്രേമികൾക്ക് വേറിട്ട അനുഭവമായി.

തമിഴ്, തെലുങ്ക്, മലയാളം, കന്നഡ തുടങ്ങി വിവിധ ഭാഷാസാംസ്കാരിക പശ്ചാത്തലങ്ങളിൽ നിന്നുള്ള ഇന്ത്യൻ സമൂഹാംഗങ്ങൾ കുടുംബസമേതം പരിപാടിയിൽ പങ്കെടുത്തു. തലമുറകളെ ഒരേ വേദിയിൽ ഒന്നിപ്പിച്ച സംഗീതസന്ധ്യയായി രാജാ 50മാറി.

വിനോദത്തിനപ്പുറം സാമൂഹിക സേവനത്തിന്റെ ശക്തമായ സന്ദേശവും പരിപാടിയുടെ ഭാഗമായി. ഇന്ത്യയിലെ പ്രമുഖ നേത്രചികിത്സാ സ്ഥാപനമായ ശങ്കര നേത്രാലയയുടെ സേവനങ്ങളെക്കുറിച്ച് കൂടുതൽ ആളുകളിൽ അവബോധം സൃഷ്ടിക്കാൻ ഈ വേദി ഉപയോഗപ്പെടുത്തി.

# സഹാറയുടെ 35 –ാം വാർഷിക ഗാലയിൽ സമാഹരിച്ചത് 1.1 മില്യൺ ഡോളർ




**– പി. പി ചെറിയാൻ**

കാലിഫോർണിയ: സൗത്ത് ഏഷ്യൻ ഹെൽപ്പ്ലൈൻ ആൻഡ് റഫറൽ ഏജൻസിയുടെ 35–ാം വാർഷിക ഗാലയിൽ 1.1 മില്യൺ ഡോളർ സമാഹരിച്ചു. കോസ്റ്റ മെസയിലെ ഹിൽട്ടണിൽ നടന്ന ചടങ്ങിൽ 280ഓളം അതിഥികൾ പങ്കെടുത്തു.

ദ ഷാ ഹാപ്പിനസ് ഫൗണ്ടേഷനു വേണ്ടി മനു ഷാ, റീക ഷാ എന്നിവർ നൽകിയ 5,00,000 ഡോളറിന്റെ മാച്ചിംഗ് ഗ്രാന്റാണ് തുക വർദ്ധിപ്പിക്കുന്നതിൽ പ്രധാന പങ്കുവഹിച്ചത്. സാമൂഹിക സേവനങ്ങൾ കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കാൻ ഈ തുക സഹായിക്കുമെന്ന് സഹാറ ബോർഡ് പ്രസിഡന്റ് വിഭൂതി ഭൂതയും എക്സിക്യൂട്ടീവ് ഡയറക്ടർ മാരിസോൾ സാഞ്ചസും വ്യക്തമാക്കി.

‘സീഡ്സ് ഓഫ് ഹോപ്പ്, സ്റ്റോറീസ് ഓഫ് കറേജ്‘ എന്ന പ്രമേയത്തിൽ സംഘടിപ്പിച്ച ചടങ്ങിൽ സാംസ്കാരിക പരിപാടികളും കലാ ലേലവും നടന്നു.



*ചിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ പന്ത്രണ്ടാമത് അന്താരാഷ്ട്ര വടംവലി മത്സരത്തിൽ നിന്ന്*

# ഫൊക്കാന സാഹിത്യ കമ്മറ്റി നിലവിൽ വന്നു; ബെന്നി നെച്ചൂർ ചെയർമാൻ, മുരളി ജെ നായർ വൈസ് ചെയർമാൻ



ഫൊക്കാന സാഹിത്യ കമ്മറ്റിയുടെ ചെയർമാനായി ബെന്നി നെച്ചൂർ, വൈസ് ചെയർമാനായി മുരളി ജെ നായർ, കോഓർഡിനേറ്റർമാരായി സോണി അമ്പൂക്കൻ, ഗീത ജോർജ്, ജോർജ് നടവയൽ, ബിജു ജോർജ് എന്നിവരെ തിരഞ്ഞെടുത്തു.

മുൻവർഷങ്ങളിൽ നിന്ന് വ്യത്യസ്തമായി ഫൊക്കാന സാഹിത്യ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുകയാണെന്നും, നിശ്ചിത ലക്ഷ്യങ്ങൾ കൃത്യമായി പൂർത്തീകരിക്കാൻ ഇത് കമ്മിറ്റിക്ക് പൂർണ്ണമായ രണ്ടു വർഷത്തെ സമയം നൽകുമെന്നും ഫൊക്കാന പ്രസിഡന്റ് ഫിലിപ്പോസ് ഫിലിപ്പ് അറിയിച്ചു.

മലയാള ഭാഷയുടെയും സാഹിത്യത്തിന്റെയും പ്രചാരണവും വളർച്ചയും ഫൊക്കാന രൂപീകരണകാലം മുതൽ തങ്ങളുടെ ലക്ഷ്യങ്ങളിലൊന്നായി മുൻനിർത്തിയിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു.ഭാഷയ്ക്കൊരു ഡോളർ പദ്ധതി, കേരള കൺവെൻഷനിൽ മലയാള സാഹിത്യത്തിന് പ്രത്യേക വേദി, കേരളത്തിലെയും അമേരിക്കയിലെയും എഴുത്തുകാരെ ആദരിക്കൽ, സാഹിത്യ അവാർഡുകൾ നൽകൽ, സാഹിത്യ സെമിനാറുകൾ, പ്രമുഖ മലയാള സാഹിത്യകാരന്മാരെ ഫൊക്കാന കൺവെൻഷനുകളിലേക്ക് ക്ഷണിച്ചുവരുത്തി പങ്കെടുപ്പിക്കൽ തുടങ്ങി നിരവധി ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ് സാഹിത്യ രംഗത്ത് ഫൊക്കാന ഇതിനോടകം കാഴ്ചവെച്ചിട്ടുള്ളത്. തകഴി, എംടി, ഒഎൻവി, സുഗതകുമാരി തുടങ്ങിയവരെ ഫൊക്കാനയിൽ ക്ഷണിച്ചുവരുത്തി ആദരിച്ച ചരിതമാണുള്ളത്.

പ്രവാസി സാഹിത്യ പ്രോത്സാഹനവും ഭാഷാ സേവനവും തങ്ങളുടെ ലക്ഷ്യങ്ങളിലൊന്നാണെന്ന് ഫൊക്കാന നേതൃത്വം വ്യക്തമാക്കി. പ്രവാസി മലയാളി എഴുത്തുകാരെയും അവരുടെ കൃതികളെയും അർഹമായ രീതിയിൽ അംഗീകരിക്കാനും പ്രോത്സാഹിപ്പിക്കാനും ആവശ്യപ്പെട്ട് പ്രമുഖ വായനക്കാരൻ കൂടിയായ മുഖ്യമന്ത്രി വി.ഡി. സതീശൻ, കേരള സാംസ്കാരിക വകുപ്പ് മന്ത്രി പി.സി. വിഷ്ണുനാഥ് എന്നിവരെ തന്റെ അടുത്ത കേരള യാത്രയിൽ നേരിൽ കണ്ട് നിവേദനം നൽകി ഈ ആവശ്യം നടത്തിച്ചെടുക്കുവാൻ വേണ്ടത് ചെയ്യുമെന്നും ഫിലിപ്പോസ് ഫിലിപ്പ് അറിയിച്ചു.

സംഘടനാ രംഗത്തും ടെക്നോളജി രംഗത്തും ശ്രദ്ധേയ നേട്ടങ്ങൾ കൈവരിച്ച സോണി അമ്പൂക്കൻ, ലോക കേരള സഭയിലെ അംഗം കൂടിയാണ്. കേരള അസോസിയേഷൻ ഓഫ് കണക്ടിക്കറ്റിന്റെ (കെ.എ.സി.ടി) പ്രവർത്തകനാണ്. ഫൊക്കാനയുടെ നാഷണൽ കമ്മിറ്റി അംഗവും അഡിഷണൽ അസോസിയേറ്റ് ട്രഷററുമായിരുന്നു.

ഫൊക്കാന മലയാളം അക്കാഡമി കമ്മിറ്റി അംഗവും അക്ഷര ജ്വാലപരിപാടിയുടെ കോർഡിനേറ്റർമാരിൽ ഒരാളുമായും പ്രവർത്തിച്ചു. ഏഷ്യാനെറ്റ് ന്യൂസുമായി സഹകരിച്ച് നടത്തിയ എന്റെ മലയാളംപദ്ധതിയുടെ പ്രചരണത്തിൽ ഫൊക്കാനയെ ഒന്നാം സ്ഥാനത്തെത്തിച്ചതിന് സോണി അമ്പൂക്കന് മികച്ച ഏകോപനത്തിനുള്ള പുരസ്കാരം ലഭിച്ചിരുന്നു.

കേരള അസോസിയേഷൻ ഓഫ് കണക്ടികട്ട് (കെ.എ.സി.ടി) യുടെ 2018-2020 കാലയളവിലെ പ്രസിഡണ്ട് ആയിരുന്നു. ഇംഗ്ലീഷിലും മലയാളത്തിലും മികച്ച പ്രാസംഗികൻ കൂടിയായ സോണി അമ്പൂക്കൻ ടോസ്റ്റ് മാസ്റ്റേഴ്സ് ഇന്റർനാഷണലിന്റെ ഡിസ്ട്രിക്റ്റ് 51 ന്റെ ഗവർണർ പദവിയും വഹിച്ചിരുന്നു. ഹാർട്ട് ടോസ്റ്റ് മാസ്റ്റേഴ്സ് ഇന്റർനാഷണൽ ലൈഫ് സ്പീഡ് ക്ലബ് പ്രസിഡണ്ട് ആയും സേവനം അനുഷ്ഠിച്ചു.

തൃശൂരിലെ പ്രശസ്തമായ അമ്പൂക്കൻ കുടുംബാംഗമായ സോണി മാളക്കടുത്ത് പുത്തൻചിറ സ്വദേശിയാണ്. തൃശൂർ എഞ്ചിനീയറിംഗ് കോളേജിൽ നിന്ന് ബി.ടെക് ബിരുദം നേടിയ സോണി എൻ.ഐ.ടി. സൂറത്ത്കലിൽ നിന്നും എം.ടെക് നേടി. അമേരിക്കയിലെ വിവിധ നഗരങ്ങളിൽ ഐ.ടി. മാനേജ്മെന്റ് ലീഡർഷിപ്പ് തലങ്ങളിൽ ദീർഘകാലമായി തിളങ്ങി വരുന്ന മികച്ച ഐ.ടി. പ്രൊഫെഷണൽ ആണ്. 2008 മുതൽ കണക്റ്റിക്കട്ടിൽ സ്ഥിരതാമസമാക്കി. ഇതിനിടെ യൂണിവേഴ്സിറ്റി ഓഫ് ഹാർട്ട്ഫോഡിൽ നിന്ന് എം.ബി.എ, എം.ഐ.ടി. സ്ലോൺ മാനേജ്മെന്റിൽ നിന്ന് എക്സിക്യൂട്ടീവ് എഡ്യൂക്കേഷൻ എന്നീ ബിരുദങ്ങളും കരസ്ഥമാക്കി.

# സിഡ്നിയിൽ വേൾഡ് മലയാളി കൗൺസിൽ ഗ്ലോബൽ നേതാക്കൾക്ക് സ്വീകരണം



സിഡ്നി: ഓസ്ട്രേലിയയിലെ ന്യൂ സൗത്ത് വെയിൽസിൽ വേൾഡ് മലയാളി കൗൺസിലിന്റെ ഡബ്ല്യു എം.സി ഓസ്ട്രേലിയൻ ടീമിന് പുതിയ നേതൃത്വം.

ഷാനു മജീദ് ചെയർമാനായും അസ്‌ലം ബഷീർ പ്രസിഡന്റായും ഡോ. ഷിനു കിരൺ സെക്രട്ടറിയായും ചുമതലയേറ്റു. മറിയം കാദിരി ട്രഷറർ, കിരൺ ജിനാൻ വൈസ് പ്രസിഡന്റ്, അഫ്സൽ എസ്.ആർ. ജോയിന്റ് സെക്രട്ടറി, ലിസ ബിനു, വിപിൻ കെന്നത്ത് എന്നിവർ എക്സിക്യൂട്ടീവ് അംഗങ്ങളായും പ്രവർത്തിക്കും. ആഷിക് ടി.കെ., ഡോ. സോണി ജേക്കബ് എന്നിവർ അഡ്വൈസറി കമ്മിറ്റി അംഗങ്ങളാണ്.

ഫാർ ഈസ്റ്റ് റീജിയൻ സന്ദർശനത്തിന്റെ ഭാഗമായി സിഡ്നിയിൽ എത്തിയ ഡബ്ല്യു എംസി ഗ്ലോബൽ പ്രസിഡന്റ് ഡോ. ബാബു സ്റ്റീഫൻ, ഗ്ലോബൽ ജനറൽ സെക്രട്ടറി ഷാജി മാത്യു, ഗ്ലോബൽ വൈസ് പ്രസിഡന്റ് (അഡ്മിനിസ്ട്രേഷൻ) ജെയിംസ് കൂടൽ എന്നിവർക്ക് സിഡ്നി പ്രൊവിൻസിന്റെ നേതൃത്വത്തിൽ സ്വീകരണം നൽകി.

ഫാർ ഈസ്റ്റ് റീജിയൻ പ്രസിഡന്റ് കിരൺ ജെയിംസ്, ഡോ. ഷിനു കിരൺ, അനിഷ പണിക്കർ, ദീപ നായർ, ബാബു ഫിലിപ്പ്, നിയാസ് കനോത്ത്, ജോസ് കെ.പി. തുടങ്ങിയവർ ആശംസകൾ അറിയിച്ചു.

ഗ്ലോബൽ നേതാക്കളുടെയും കുടുംബാംഗങ്ങളുടെയും സാന്നിധ്യത്തിൽ നടന്ന കുടുംബസംഗമം ഡബ്ല്യു എംസി അംഗങ്ങളുടെ സൗഹൃദവും കൂട്ടായ്മയും ഊട്ടിയുറപ്പിക്കുന്ന വേദിയായി. സിഡ്നിയിലെ മലയാളി സമൂഹത്തിന്റെ ഐക്യം ശക്തിപ്പെടുത്തുന്നതിനും സാമൂഹിക, സാംസ്കാരിക, ജീവകാരുണ്യ പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കുന്നതിനും പുതിയ ടീം നേതൃത്വം നൽകുമെന്ന് ഭാരവാഹികൾ അറിയിച്ചു.

# കൊളംബസ് സീറോ മലബാർ കത്തോലിക്കാ മിഷൻ തിരുനാൾ



**- സുജ ആന്റണി**

ഒഹായോ: കൊളംബസ് സെന്റ് മേരീസ് സീറോ മലബാർ കത്തോലിക്കാ മിഷന്റെ മധ്യസ്ഥയായ പരിശുദ്ധ കന്യകാമറിയത്തിന്റെ ഈ വർഷത്തെ തിരുനാൾ സെപ്റ്റംബർ 13ന്.

സെപ്റ്റംബർ 6ന് വൈകിട്ട് 4.30ന് വിശുദ്ധ കുർബാന. തുടർന്ന് തിരുനാളിന് തുടക്കം കുറിച്ച് മിഷൻ ഡയറക്ടർ ഫാ.നിബി കണ്ണായി കൊടിയേറ്റ് കർമ്മം നിർവഹിക്കും.

പ്രധാന തിരുനാൾ ദിവസമായ സെപ്റ്റംബർ 13ന് ഉച്ചകഴിഞ്ഞ് 2ന് തിരുനാൾ കുർബാനയും, തുടർന്ന് പ്രസുദേന്തി വാഴ്ചയും പ്രദക്ഷിണവും, പാരിഷ് ഹാളിൽ വച്ച് പൊതുസമ്മേളനവും, കലാപരിപാടികളും (കൾച്ചറൽ പ്രോഗ്രാം), സ്നേഹവിരുന്നോടും കൂടി തിരുനാൾ സമാപിക്കും.

കമ്മിറ്റി ഭാരവാഹികൾ: ഫാ. നിബി കണ്ണായി (മിഷൻ ഡയറക്ടർ), ചെറിയാൻ മാത്യു (ട്രസ്റ്റിമാർ), ജോസഫ് സെബാസ്റ്റ്യൻഅലക് ബാബു, അശ്വിൻ പാറ്റാനി (തിരുനാൾ കൺവീനർമാർ), കിരൺ ജോസഫ് (ട്രഷറർ), മരിയ ജോസഫ് (പ്രസുദേന്തി, പ്രദക്ഷിണം), ജെയിംസ് പുതുശ്ശേരി (ലിറ്റർജി), അരുൺ ഡേവിസ് (ക്വയർ), മനോജ് ആന്റണി (ലൈറ്റ്, സൗണ്ട്), കുര്യൻ കണ്ണാത്ത് (ഫോട്ടോഗ്രഫി, വീഡിയോ), ജെന്നിഫർ സെബാസ്റ്റ്യൻ (ചർച്ച് ഡെക്കറേഷൻ), ഐഷ് ലൂക്ക (ഔട്ട്ഡോർ ഡെക്കറേഷൻ, ഹാൾ സെറ്റപ്പ്), ഐറിൻ തോമസ് (കൾച്ചറൽ, പബ്ലിക് മീറ്റിംഗ്), ഷിനോ ആന്റണി (ഫുഡ് കമ്മിറ്റി), ജിയോമിൻ ആന്റണി (പാർക്കിംഗ് കമ്മിറ്റി) എന്നിവരാണ് ചുമതലക്കാർ.

# ഡാലസിലുണ്ടായ വെടിവെയ്പ്പിൽ പരിക്കേറ്റ ആറുപേരിൽ യുവതി കൊല്ലപ്പെട്ടു

**- പി. പി ചെറിയാൻ**

ഡാലസ്: തെക്കുകിഴക്കൻ ഡാലസിലെ ഓക്ക് ക്ലിഫിൽ ശനിയാഴ്ച പുലർച്ചെയുണ്ടായ വെടിവയ്പ്പിൽ ഒരു യുവതി കൊല്ലപ്പെടുകയും അഞ്ച് പേർക്ക് പരിക്കേൽക്കുകയും ചെയ്തു. സംഭവത്തിൽ ഒന്നിലധികം അക്രമികൾക്ക് പങ്കുണ്ടെന്ന് ഡാലസ് പോലീസ് അറിയിച്ചു.

ശനിയാഴ്ച പുലർച്ചെ ഒരു മണിയോടെ ഹൈലാൻഡ് വില്ലേജ് ഡ്രൈവിലെ 5900 ബ്ലോക്കിലാണ് സംഭവം നടന്നത്. വിവരമറിഞ്ഞ് സ്ഥലത്തെത്തിയ ഡാലസ് ഫയർ റെസ്ക്യൂ സംഘം പരിക്കേറ്റ ആറുപേരെയും ഉടൻതന്നെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

ആശുപത്രിയിൽ ചികിത്സയിലായിരുന്ന സാറിയ ബ്രൗൺ (25) എന്ന യുവതിയാണ് മരണപ്പെട്ടത്. പരിക്കേറ്റ മറ്റ് അഞ്ച് പേരുടെ നില നിലവിൽ തൃപ്തികരമാണെന്ന് പോലീസ് വ്യക്തമാക്കി.

അക്രമികൾ സംഭവസ്ഥലത്തുനിന്ന് നിരവധി പ്രാവശ്യം വെടിയുണ്ടകൾ ഉതിർത്തതായി അന്വേഷണ ഉദ്യോഗസ്ഥർ കണ്ടെത്തിയിട്ടുണ്ട്. കേസിൽ പോലീസ് അന്വേഷണം പുരോഗമിക്കുകയാണ്.

# ഫൊക്കാന സാഹിത്യ കമ്മറ്റി നിലവിൽ വന്നു; ബെന്നി നെച്ചൂർ ചെയർമാൻ, മുരളി ജെ നായർ വൈസ് ചെയർമാൻ

വിവിധ രംഗങ്ങളിൽ പ്രാഗൽഭ്യം തെളിയിച്ച സോണി അമ്പൂക്കൻ ഫൊക്കാനയുടെ സാഹിത്യ കമ്മിറ്റിക്ക് മുതൽക്കൂട്ടാണെന്ന് ഫിലിപ്പോസ് ഫിലിപ്പ് അറിയിച്ചു.

മുൻനിര അമേരിക്കൻ സാങ്കേതികവിദ്യാ കമ്പനിയായ എച്ച്.പി.ഇ.യിൽ കാലിഫോർണിയ പ്രിൻസിപ്പൽ ഹാർഡ്‌വെയർ എഞ്ചിനീയറായി സേവനമനുഷ്ഠിക്കുന്ന ഗീത ജോർജ് അമേരിക്കയിലെ മലയാളി സമൂഹത്തിനിടയിൽ വേറിട്ട സാന്നിധ്യമാണ്. തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ നിന്ന് ഇലക്ട്രോണിക്സ് ആന്റ് ടെലികമ്മ്യൂണിക്കേഷനിൽ എഞ്ചിനീയറിംഗ് ബിരുദം നേടിയ ഗീത, കമ്പ്യൂട്ടർ സാങ്കേതികവിദ്യാ രംഗത്ത് സ്വന്തമായ നാല് യു.എസ്. പേറ്റന്റുകളുള്ള അപൂർവം ചില മലയാളികളിൽ ഒരാളാണ്. കാലിഫോർണിയ ലിറ്ററി അസോസിയേഷൻ ഓഫ് മലയാളീസ് (കാലം) സെക്രട്ടറി, ഫൊക്കാന 2000 കൺവൻഷൻ ഡയറക്ടർ, ഫൊക്കാന സാഹിത്യ സമ്മേളനം കോർഡിനേറ്റർ, റീജിയണൽ വൈസ് പ്രസിഡന്റ് (2015-18), നാഷണൽ കമ്മിറ്റി അംഗം തുടങ്ങി സംഘടനാ പ്രവർത്തനങ്ങളിൽ മികച്ച പ്രവർത്തനം കാഴ്ച്ചവെച്ചിട്ടുണ്ട്. 2026-28ലെ റീജിയണൽ വൈസ് പ്രസിഡന്റാണ്.

വടക്കേ അമേരിക്കയിലെ പ്രമുഖ മലയാളി സംഘടനയായ മങ്കയുടെ മുൻ പ്രസിഡന്റായ ഗീത, നിലവിൽ കാലിഫോർണിയ ആസ്ഥാനമായി പ്രവർത്തിക്കുന്ന ചാരിറ്റബിൾ സംഘടനയായ വനിതയുടെ ചെയർപേഴ്സണായി പ്രവർത്തിച്ചു വരുന്നു. സാമൂഹിക സാംസ്കാരിക രംഗങ്ങളിലെ മികച്ച സേവനങ്ങളെ മുൻനിർത്തി കേന്ദ്ര ഗവൺമെന്റിന്റെ പ്രവാസി ഭാരതി അവാർഡ്, അസോസിയേഷൻ ഓഫ് ഇൻഡോ അമേരിക്കൻ അവാർഡ് തുടങ്ങി നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

മലയാളത്തിൽ പുറത്തിറങ്ങിയിട്ടുള്ള മിക്ക സാഹിത്യകൃതികളും വായിച്ചിട്ടുള്ള ഗീത, മികച്ചൊരു സാഹിത്യ നിരൂപക കൂടിയാണ്.

സാമൂഹ്യ പ്രവർത്തനം, സംഘടനാ പ്രവർത്തനം, അദ്ധ്യാപനം, ഗ്രാമീണ ബാങ്കിംഗ്, സഹകരണ പ്രസ്ഥാനം, ഗ്രന്ഥശാല, നാടകകല, പത്രപ്രവർത്തനം, നേഴ്സിംഗ് സേവനവും ഇൻസ്പെക്ഷനും എന്നീ രംഗങ്ങളിലും; കവിതകൾ, കഥകൾ, ഗാനങ്ങൾ, നോവൽ, ലഘു നാടകങ്ങൾ, ലേഖനങ്ങൾ എന്നീ രചനാ രംഗങ്ങളിലും വ്യാപൃതനാണ് ജോർജ് നടവയൽ.

കേരളാ പബ്ളിക് സർവീസ് കമ്മീഷണിൽ മുൻ സെക്ഷൻ ഓഫീസറായിരുന്നു. നടവയൽ സെന്റ് തോമസ് സ്കൂളിലും, റിയാദിലെ ഇന്ത്യൻ എംബസ്സി സ്കൂളിലും, ഫിലഡൽഫിയാ സ്കൂൾ ഡിസ്ട്രിക്റ്റിലും മുൻ അദ്ധ്യാപകൻ. ഇന്ത്യൻ എയർ ഫോഴ്സിൽ എഡ്യൂക്കേഷണൽ ഇൻസ്ട്രക്ടർ ട്രെയ്നി, വയനാട് ലൈബ്രറി ആന്റ് ലിറ്ററി കോ ഓപ്പറേറ്റിവ് സൊസൈറ്റിയുടെയും, വയനാട് ശാന്തിനികേതൻ എഡ്യൂക്കേഷണൽ കോ ഓപ്പറേറ്റീവ് സൊസൈറ്റിയുടെയും മുൻ ഡയറക്ടർ. ഫിലിപ്പോസ് ഫിലിപ്പ് പ്രസിഡന്റായ ഫൊക്കാനയുടെ നാഷണൽ കമ്മിറ്റി അംഗം. ഫൊക്കാനയിൽ സ്പോക്സ് പേഴ്സണായിരുന്നിട്ടുണ്ട്. മാധവൻ നായർ നേതൃത്വം നൽകുന്ന നാമത്തിൽ അംഗം. ലാനാ മുൻ വൈസ് പ്രസിഡന്റ്, മനീഷി ഡ്രാമ സ്കൂൾ ഡയറക്ടർ, പമ്പാ മുൻ ജനറൽ സെക്രട്ടറി, ട്രൈസ്റ്റേറ്റ് കേരളാ ഫോറം മുൻ ചെയർമാൻ, മാപ് മുൻ ജോയിന്റ് സെക്രട്ടറി, ഇന്ത്യാ പ്രസ് ക്ലബ് ഫിലഡൽഫിയാ ചാപ്റ്റർ മുൻ പ്രസിഡന്റ്, പിയാനോ നേഴ്സിങ് ഓർഗനൈസേഷൻ മുൻ പ്രസിഡന്റ്, ഓർമാ ഇന്റർനാഷണൽ മുൻ പ്രസിഡന്റ്, കോമൺവെൽത്ത് ഓഫ് പെൻസിൽവേനിയയിൽ ഇൻസ്പെക്ഷൻ ഉദ്യോഗം. ജീവശാസ്ത്രം, വിദ്യാഭ്യാസശാസ്ത്രം, നേഴ്സിംഗ് എന്നിവയിൽ ബിരുദങ്ങൾ. സാമൂഹ്യ ശാസ്ത്രത്തിലും വിദ്യാഭ്യാസ ശാസ്ത്രത്തിലും ബിരുദാനന്തര ബിരുദം.

കുറവിലങ്ങാട് ജന്മദേശം. കുറവിലങ്ങാട് സെന്റ് മേരീസ് ബോയ്സ് സ്കൂൾ, നടവയൽ സെന്റ് തോമസ് ഹൈസ്കൂൾ, കുറവിലങ്ങാട് ദേവമാതാ, സെന്റ് ജോസഫ്സ് ട്രെയ്നിങ് കോളജ് മാന്നാനം, ഇന്ത്യാ ഗവണ്മെന്റ് റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ, ഗവണ്മെന്റ് ലോ കോളജ് കോഴിക്കോട്, കാലിക്കട്ട് യൂണിവേഴ്സിറ്റി, ഗ്രാന്റ് കാന്യൻ യൂണിവേഴ്സിറ്റി എന്നിവിടങ്ങളിൽ വിദ്യാഭ്യാസം.

ഇലക്ട്രിക്കൽ എഞ്ചിനീയർ, റിയൽ എസ്റ്റേറ്റ് രംഗത്തെ പ്രമുഖൻ, സിനിമാ നിർമ്മാതാവ്, പ്രവാസി സംഘാടകൻ എന്നീ നിലകളിൽ ശ്രദ്ധേയനാണ് ബിജു ജോർജ് (കോഓർഡിനേറ്റർ). സാങ്കേതികവിദ്യ, കല, സാഹിത്യം, സംസ്കാരം എന്നിവയിൽ ദീർഘകാലത്തെ പ്രവർത്തന പാരമ്പര്യമുള്ള വ്യക്തിയാണ് അദ്ദേഹം. ഇന്ത്യയിലും മിഡിൽ ഈസ്റ്റിലും ഔദ്യോഗിക ജീവിതം ആരംഭിച്ച ബിജു ജോർജ് 1998 ലാണ് കാനഡയിലേക്ക് കുടിയേറുന്നത്. തുടർന്ന് അവിടുത്തെ സെമികണ്ടക്ടർ മേഖലയിൽ പ്രൊഫഷണലായി തന്റെ വ്യക്തിമുദ്ര പതിപ്പിച്ചു.

സാഹിത്യത്തെയും സിനിമയെയും നെഞ്ചേറ്റുന്ന അദ്ദേഹം വിവിധ പത്രമാധ്യമങ്ങളിൽ സാഹിത്യ നിരൂപണങ്ങൾ എഴുതിയിട്ടുണ്ട്. ഫീച്ചർ ഫിലിമുകളുടെയും ഡോക്യുമെന്ററികളുടെയും നിർമ്മാണ പങ്കാളിയായ അദ്ദേഹം കാൻഈസ്റ്റ് ഫിലിംസ്എന്ന നിർമ്മാണ കമ്പനിയുടെ സ്ഥാപകൻ കൂടിയാണ്. പരിസ്ഥിതി ബോധവൽക്കരണത്തിനുള്ള ഇന്ത്യൻ രാഷ്ട്രപതിയുടെ ദേശീയ പുരസ്കാരം നേടിയ വലിയ ചിറകുള്ള പക്ഷികൾ, ജനപ്രീതി നേടിയ ടു കൺട്രീസ്എന്നീ ചിത്രങ്ങളുടെ ലൈൻ പ്രൊഡ്യൂസറായി പ്രവർത്തിച്ചിട്ടുണ്ട്.

# ഡാർവിനിൽ വേൾഡ് മലയാളി കൗൺസിലിന്റെ പുതിയ പ്രൊവിൻസ്; 84-ാം പ്രൊവിൻസിന് തുടക്കം



ഓസ്ട്രേലിയയിലെ നോർത്തേൺ ടെറിട്ടറിയിൽ വേൾഡ് മലയാളി കൗൺസിലിന്റെ പുതിയ പ്രൊവി ൻസിന് ഔദ്യോഗിക തുടക്കമായി. ഡബ്ല്യുഎം.സി. ഗ്ലോബൽ പ്രസിഡന്റ് ഡോ.ബാബു സ്റ്റീഫൻ ഡാർവിൻ പ്രൊവിൻസിന്റെ ഉദ്ഘാടനം ചെയ്തു.

നോർത്തേൺ ടെറിട്ടറി മന്ത്രിയും ഇന്ത്യൻ വംശജനുമായ ജിൻസൺ ചാൾസ് ചടങ്ങിൽ മുഖ്യാതിഥിയും കീനോട്ട് സ്പീക്കറുമായി. ഓസ്ട്രേലിയയിലെ മലയാളി സമൂഹത്തിന്റെ സാമൂഹിക, സാംസ്കാരിക, പൊതുപ്രവർത്തനങ്ങൾക്ക് പൂർണ പിന്തുണ നൽകുമെന്ന് മന്ത്രി പറഞ്ഞു.

ചടങ്ങിൽ വൈഎംസി ഗ്ലോബൽ ജനറൽ സെക്രട്ടറി ഷാജി മാത്യു, ഗ്ലോബൽ വൈസ് പ്രസിഡന്റ് (അഡ്മിനിസ്ട്രേഷൻ) ജെയിംസ് കൂടൽ എന്നിവർ ആശംസകൾ നേർന്നു. വൈഎംസി ഫാർ ഈസ്റ്റ് റീജിയൻ പ്രസിഡന്റ് കിരൺ ജെയിംസ് ചടങ്ങിന് നേതൃത്വം നൽകി.

ഷിൽവിൻ മാത്യൂസ് (പ്രസിഡന്റ്), മാത്യു മാത്തം (വൈസ് പ്രസിഡന്റ്), സലാസ് എബ്രഹാം (സെക്രട്ടറി), മോൻസി തോമസ് (ജോയിന്റ് സെക്രട്ടറി), സുജേഷ്മാത്യു (ട്രഷറർ) എന്നിവരാണ് ഭാരവാഹികൾ.

ഡാർവിൻ പ്രൊവിൻസ് നിലവിൽ വന്നതോടെ ആഗോള ശൃംഖലയിൽ 84 പ്രൊവിൻസുകളായി. ലോകമെമ്പാടുമുള്ള മലയാളികളുടെ സജീവ പങ്കാളിത്തത്തോടെ സംഘടനയുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുകയാണ് ലക്ഷ്യമെന്ന് ഗ്ലോബൽപ്രസിഡന്റ് ഡോ.ബാബു സ്റ്റീഫൻ പറഞ്ഞു. 100 രാജ്യങ്ങളിൽ പ്രൊവിൻസുകൾ രൂപീകരിക്കുകയാണ് ഡബ്ല്യുഎംസിയുടെ ലക്ഷ്യമെന്നും അദ്ദേഹം വ്യക്തമാക്കി.

# സാൻഹൊസെയിൽ കന്യാമറിയത്തിന്റെ സ്വർഗ്ഗാരോഹണ തിരുന്നാൾ ആഘോഷിച്ചു



കാലിഫോർണിയ: കാലിഫോർണിയ സംസ്ഥാനത്തെ പ്രശസ്തമായ സിലിക്കൺ വാലിയിൽപ്പെട്ട സാൻ ഹൊസെയിലെ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഫൊറോന പള്ളിയിൽ പരിശുദ്ധ കന്യാമറിയത്തിന്റെ സ്വർഗ്ഗാരോഹണ തിരുന്നാൾ ഭക്തിനിർഭരമായി ആഘോഷിച്ചു. ഓഗസ്റ്റ് 20 മുതൽ 23 വരെ തിരുന്നാൾ ആഘോഷങ്ങൾ നടന്നു.

തിരുന്നാളിന്റെ ആദ്യദിനമായ 20ന് മരിച്ചവരുടെ ഓർമദിവസത്തോടനുബന്ധിച്ച് വിശുദ്ധ കുർബാനയും ഒപ്പീസും നടത്തി. 21ന് വികാരി ഫാ. ജെമി പുതുശ്ശേരിൽ പ്രസുദേന്തി വാഴ്ചയും കൊടിയേറ്റും നടത്തി. തുടർന്ന് ഫാ. മാത്യു മേലേടത്തിന്റെ (ക്നാനായ റീജിയൻ ഡയറക്ടർ, കാനഡ) കാർമ്മികത്വത്തിൽ വിശുദ്ധ കുർബാനയും അർപ്പിച്ചു. 22ന് വൈകിട്ട് വികാരി ഫാ.ജെമി പുതുശ്ശേരിൽ മുഖ്യ കാർമ്മികനായി ലദീഞ്ഞും വിശുദ്ധ കുർബാനയും നടന്നു. ഫാ. ഷോബി ചെറ്റിയാത്ത് കുർബാന മധ്യേ തിരുന്നാൾ സന്ദേശവും തിരുന്നാൾ മംഗളങ്ങളും നേർന്നു. പള്ളിയിലെ കർമ്മങ്ങൾക്കു ശേഷം പള്ളി ഹാളിൽ നടന്ന സ്നേഹവിരുന്നിൽ എല്ലാവരും പങ്കെടുക്കുകയും, അതോടൊപ്പം ന്യൂയോർക്കിൽ നിന്നുമുള്ള മെലഡീസ് ക്ലബ്ബിന്റെ സംഗീതവിരുന്ന് ഏവരും ഏറ്റവും അങ്ങേയറ്റം ആസ്വദിക്കുകയും ചെയ്തു.

മുഖ്യ തിരുന്നാൾ ദിനമായ 23ന് ആഘോഷപൂർവ്വമായ റാസ കുർബാന നടന്നു. ഫാ. ഷോബി ചെറ്റിയാത്ത് മുഖ്യ കാർമ്മികത്വം വഹിച്ച ഈ കുർബാനയിൽ ഫാ.ബോബൻ വട്ടംപുറത്ത്, ഫാ. മാത്യു മേലേടത്ത്, ഫാ.സാജു ജോസഫ്, ഇടവക വികാരി ഫാ.ജെമി പുതുശ്ശേരിൽ എന്നിവർ സഹ കാർമ്മികത്വം വഹിച്ചു. കുർബാന മധ്യേ ഫാ.ബോബൻ വട്ടംപുറത്ത് തിരുന്നാൾ സന്ദേശം നൽകി. കുർബാനയ്ക്കു ശേഷം ചെണ്ടമേളത്തോടുകൂടി ആഘോഷപരമായ പ്രദക്ഷിണം നടന്നു. ഇടവകാംഗങ്ങൾക്കൊപ്പം ഈ തിരുന്നാളിൽ സംബന്ധിച്ച എല്ലാ മലയാളി സമൂഹത്തോടുമുള്ള നന്ദിയും സ്നേഹവും ഇടവക വികാരി ഫാ.ജെമി പുതുശ്ശേരി രേഖപ്പെടുത്തി.

ഇടവകയിലെ കൈക്കാരന്മാരായ അനിൽ കണ്ടാരപ്പള്ളിൽ, ഫ്രാൻസിസ് പാറത്തറ, ജോസ്ബിൻ കുന്നശ്ശേരിൽ, പാരിഷ് സെക്രട്ടറി താര മാവേലി, പാരിഷ് കൗൺസിൽ മെമ്പേഴ്സ്, കെ.സി.സി.എൻ.എ എക്സിക്യൂട്ടീവ്, സി.സി.ഡി. ടീച്ചേഴ്സ്, സാക്രിസ്റ്റൻസ് എന്നിവരും തിരുന്നാളിനു നേതൃത്വം നൽകി.

# ഫൊക്കാന സാഹിത്യ കമ്മറ്റി നിലവിൽ വന്നു; ബെന്നി നെച്ചൂർ ചെയർമാൻ, മുരളി ജെ നായർ വൈസ് ചെയർമാൻ

കനേഡിയൻ മലയാളി സമൂഹത്തിനിടയിൽ മികച്ച സംഘാടകൻ കൂടിയായ ബിജു ജോർജ്, ഇന്ത്യ കാനഡ അസോസിയേഷൻ പ്രസിഡന്റ്, ഇൻഡോകനേഡിയൻ കമ്മ്യൂണിറ്റി സെന്റർ പ്രസിഡന്റ്, ഡയറക്ടർ എന്നീ നിലകളിൽ നേതൃത്വപാടവം തെളിയിച്ചിട്ടുണ്ട്. 2018ൽ കാനഡയുടെ നാഷണൽ ക്യാപിറ്റൽ റീജിയണിൽ ഭാരതീയ പൈതൃകം, ശാസ്ത്രീയ കലകൾ, സാഹിത്യം, സിനിമ, ബഹുസ്വര സംസ്കാരം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി ഇൻഡോ കനേഡിയൻ കൗൺസിൽ ഫോർ ആർട്ട് ആൻഡ് കൾച്ചർ എന്ന പ്രസ്ഥാനത്തിന് രൂപം നൽകി.

കാനഡ പാർലമെന്റിൽ ഔദ്യോഗികമായി സംഘടിപ്പിക്കുന്ന ദീപാവലി, ഓണം ആഘോഷങ്ങളുടെ പ്രധാന സംഘാടകരിൽ ഒരാളായ അദ്ദേഹം കാനഡയിലുടനീളമുള്ള സാംസ്കാരിക സാമൂഹിക പ്രവർത്തനങ്ങളിൽ സജീവ സാന്നിധ്യമായി തുടരുന്നു.

ചെയർമാനായി നിയമിക്കപ്പെട്ട ബെന്നി നെച്ചൂർ, അമേരിക്കൻ മലയാളി സമൂഹത്തിലെ ശ്രദ്ധേയനായ എഴുത്തുകാരനും എഡിറ്ററുമാണ്. 2018ൽ ഫൊക്കാന സാഹിത്യ അവാർഡ് കമ്മിറ്റി ചെയർമാനായി മികച്ച രീതിയിൽ പ്രവർത്തിച്ച അദ്ദേഹത്തിന്റെ മികവ് മുൻനിർത്തി, 2022, 2024 വർഷങ്ങളിലും അതേ ചുമതലയിൽ തുടരാൻ ഫൊക്കാന നേതൃത്വം അദ്ദേഹത്തോട് ആവശ്യപ്പെടുകയായിരുന്നു.

ഫൊക്കാനയുടെ വിവിധ സുവനീറുകളിൽ പ്രസിദ്ധീകരിച്ച പ്രഗത്ഭരായ എഴുത്തുകാരുടെ കൃതികൾ ഏകോപിപ്പിച്ച് അദ്ദേഹം എഡിറ്റ് ചെയ്ത കൈരളി സപര്യ എന്ന ഗ്രന്ഥം 2018ലെ ഫിലഡൽഫിയ കൺവെൻഷനിൽ പ്രകാശനം ചെയ്തിരുന്നു. കൂടാതെ, നിരവധി ഫൊക്കാന സുവനീറുകളുടെയും മറ്റ് സാഹിത്യസാംസ്കാരിക പ്രസിദ്ധീകരണങ്ങളുടെയും എഡിറ്ററായും അദ്ദേഹം സ്തുത്യർഹമായി പ്രവർത്തിച്ചിട്ടുണ്ട്.

വടക്കേ അമേരിക്കൻ മലയാളി ജീവിതത്തിന്റെ പശ്ചാത്തലത്തിൽ തയ്യാറാക്കിയ 65 ചെറുകഥകളുടെ ആന്തോളജിയായ അമേരിക്കൻ കഥക്കൂട്ടം, മൂന്ന് നാടകങ്ങൾ ഉൾപ്പെടുത്തിയ പുല്ലാന്തറയാറിലെ രംഗമഞ്ചങ്ങൾ, അനുഭവക്കുറിപ്പുകളുടെ സമാഹാരമായ പുല്ലാന്തറയാറിലെ ചുഴികൾഎന്നിവയാണ് ബെന്നി പ്രസിദ്ധീകരിച്ച പ്രധാന പുസ്തകങ്ങൾ. അദ്ദേഹത്തിന്റെ അഞ്ച് കഥകൾ അടങ്ങിയ പുതിയ കഥാസമാഹാരം സെപ്റ്റംബർ മൂന്നാം വാരത്തോടെ പുറത്തിറങ്ങും.

ഇന്ത്യയിൽ നിന്ന് എഞ്ചിനീയറിംഗ് ബിരുദവും അമേരിക്കയിൽനിന്നും കമ്പ്യൂട്ടർ സയൻസിൽ മാസ്റ്റർ ബിരുദവും നേടിയ ബെന്നി, കേരള എഞ്ചിനീയറിംഗ് ഗ്രാഡുവേറ്റ്സ് അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്കയുടെ സ്ഥാപക നേതാക്കളിലൊരാളും പ്രഥമ പ്രസിഡന്റുമാണ്. ഐടി മേഖലയിൽ പ്രവർത്തിക്കുന്നു.

വൈസ് ചെയർമാനായ മുരളി ജെ. നായർ മാവേലിക്കര താലൂക്കിലെ കണ്ണനാകുഴി സ്വദേശിയാണ്. കഴിഞ്ഞ മുപ്പതിലധികം വർഷങ്ങളായി അമേരിക്കയിൽ അഭിഭാഷകനാണ്.

മലയാളത്തിൽ രണ്ടു നോവലുകളും രണ്ടു ചെറുകഥാസമാഹാരങ്ങളും ഒരു യാത്രാവിവരണവും, ഇംഗ്ളീഷിൽ ഒരു നോവലും ഒരു മലയാളനോവലിന്റെ വിവർത്തനവും നിർവഹിച്ചു. വി.ജെ. ജെയിംസിന്റെ ചോരശാസ്ത്രത്തിന്റെ ഇംഗ്ളീഷ് പരിഭാഷ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

കൂടാതെ, കേരളത്തിലെ എല്ലാ പ്രമുഖ പത്രമാസികകളിലും അമേരിക്കയിലും ഇംഗ്ലണ്ടിലും ഗൾഫിലുമുള്ള പല പ്രസിദ്ധീകരണങ്ങളിലും ഓൺലൈനിലുമായി അനേകം ലേഖനങ്ങളും ഫീച്ചറുകളും കഥകളും വിവർത്തനങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ബൈബിളിൽ പരാമർശിക്കപ്പെട്ടിട്ടുള്ള ഒരു പ്രണയത്തെ അധികരിച്ചെഴുതിയ നോവൽപ്രണയത്തിന്റെ ഉല്പത്തി പുസ്തകം ആണ് ഏറ്റവും പുതിയ കൃതി.

2000ത്തിലെ ഫൊക്കാന ചിന്താധാര സ്വർണമെഡൽ, മറ്റു ഫൊക്കാന അവാർഡുകൾ, മാമ്മൻ മാപ്പിള അവാർഡ്, ഹ്യൂസ്റ്റൺ റൈറ്റേഴ്സ് ഫോറം അവാർഡ് എന്നിവയടക്കം പല സാഹിത്യപുരസ്കാരങ്ങളും ലഭിച്ചിട്ടുണ്ട്.

1992 മുതൽക്ക്, ഫൊക്കാന കൺവെൻഷനുകളുടെ ഭാഗമായി നടത്തപ്പെടുന്ന സാഹിത്യസമ്മേളനങ്ങളിൽ പലതിലും സജീവപങ്കാളിത്തം വഹിച്ചിട്ടുണ്ട്.

ലോകസഞ്ചാരികൂടിയായ മുരളി ജെ. നായർ ഇതിനകം നൂറ്റിമുപ്പതിലധികം രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്. ഫിലഡൽഫിയയിൽ സ്വന്തമായി നിയമസ്ഥാപനം നടത്തുന്നുണ്ടെങ്കിലും ഇപ്പോൾ കൂടുതൽ സമയവും ലോകയാത്രകൾക്കായി മാറ്റിവെച്ചിരിക്കുകയാണ്.

പുതിയ നിയമനങ്ങളെ എക്സിക്യൂട്ടീവ് കമ്മിറ്റി ഭാരവാഹികളായ പ്രസിഡന്റ് ഫിലിപ്പോസ് ഫിലിപ്പ്, സെക്രട്ടറി സന്തോഷ് നായർ, ട്രഷറർ ആന്റോ വർക്കി, എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ലിൻഡോ ജോളി, വൈസ് പ്രസിഡന്റ് ജോസി ജെ. കാരക്കാട്ട്, അസോസിയേറ്റ് സെക്രട്ടറി സോണി തോമസ് അമ്പൂക്കൻ, അഡീഷണൽ അസോസിയേറ്റ് സെക്രട്ടറി അജു ഉമ്മൻ, അസോസിയേറ്റ് ട്രഷറർ അപ്പുക്കുട്ടൻ പിള്ള, അഡീഷണൽ അസോസിയേറ്റ് ട്രഷറർ ഗ്രേസ് മരിയ ജോസഫ്, വുമൺസ് ഫോറം ചെയർ ഷൈനി രാജു എന്നിവർ ഐക്യകണ്ഠേന സ്വാഗതം ചെയ്തു.

# വേൾഡ് മലയാളി കൗൺസിൽ ന്യൂസിലാൻഡ് പ്രൊവിൻസ് ഉദ്ഘാടനം ചെയ്തു



ഓക്ലാൻഡ്: വേൾഡ് മലയാളി കൗൺസിലിന്റെ ന്യൂസിലാൻഡ് പ്രൊവിൻസ് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. ന്യൂസിലാൻഡിലെ മലയാളി സമൂഹത്തെ കൂടുതൽ സജീവമായി സംഘടനയുടെ ആഗോള ശൃംഖലയുമായി ബന്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെയാണ് പുതിയ പ്രൊവിൻസ് പ്രവർത്തനം ആരംഭിച്ചത്.

ഓക്ലാൻഡിലെ മൗണ്ട് റോസ്കില്ലിലുള്ള തമിഴ് കമ്മ്യൂണിറ്റി സെന്ററിൽ സെപ്റ്റംബർ 6ന് നടന്ന ചടങ്ങിൽ വേൾഡ് മലയാളി കൗൺസിൽ ഗ്ലോബൽ പ്രസിഡന്റ് ഡോ.ബാബു സ്റ്റീഫൻ, ഗ്ലോബൽ ജനറൽ സെക്രട്ടറി ഷാജി മാത്യു, ഗ്ലോബൽ വൈസ് പ്രസിഡന്റ് (അഡ്മിനിസ്ട്രേഷൻ) ജെയിംസ് കൂടൽ, ഫാർ ഈസ്റ്റ് റീജിയൻ പ്രസിഡന്റ് കിരൺ ജെയിംസ് എന്നിവർ പങ്കെടുത്തു.

പുതിയ പ്രൊവിൻസിന്റെ പ്രസിഡന്റായി റോബിൻ കെ.ബാബു, വൈസ് പ്രസിഡന്റായി ഷാൻ ഷാജി കുമാർ, സെക്രട്ടറിയായി ബെൻസി ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറിയായി സിംസൺ എബ്രഹാം, ട്രഷററായി ശ്രീകാന്ത് കുരുങ്ങോട്ട് എന്നിവർ ചുമതലയേറ്റു.

കോഓർഡിനേറ്ററായി ഷാജൻ മാത്യു, സ്പോർട്സ് ആൻഡ് ചാരിറ്റി കോഓർഡിനേറ്ററായി നിക്സൺ ഫെലിക്സ്, ആർട്സ് ആൻഡ് വിമൻസ് കോഓർഡിനേറ്ററായി അപർണ ശ്യാം, യൂത്ത് കോഓർഡിനേറ്ററായി അവിൻ ജോയ് എന്നിവരും നേതൃത്വനിരയിൽ ചുമതലയേറ്റു.

1995ൽ അമേരിക്കയിലെ ന്യൂജഴ്സിയിലാണ് വേൾഡ് മലയാളി കൗൺസിൽ രൂപം കൊണ്ടത്. ടി.എൻ.ശേഷൻ, കെ.പി.പി. നമ്പ്യാർ, ലേഖ ശ്രീനിവാസൻ തുടങ്ങിയ പ്രമുഖരുടെ നേതൃത്വത്തിലും മാർഗനിർദേശത്തിലുമാണ് ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മലയാളികളെ ഒരൊറ്റ ആഗോള വേദിയിൽ അണിനിരത്തുക എന്ന ലക്ഷ്യത്തോടെ സംഘടനയ്ക്ക് തുടക്കമായത്.

മൂന്നു പതിറ്റാണ്ടിലേറെ നീണ്ട പ്രവർത്തനത്തിലൂടെ വിവിധ ഭൂഖണ്ഡങ്ങളിലേക്കും രാജ്യങ്ങളിലേക്കും സംഘടനയുടെ പ്രവർത്തനം വ്യാപിച്ചു. ന്യൂസിലാൻഡ് പ്രൊവിൻസ് ഉൾപ്പെടെ വേൾഡ് മലയാളി കൗൺസിലിന് ഇന്ന് ആഗോളതലത്തിൽ 83 പ്രൊവിൻസുകളുണ്ട്. സാമൂഹിക സേവനം, ജീവകാരുണ്യ പ്രവർത്തനങ്ങൾ, വിദ്യാഭ്യാസം, കലാസാംസ്കാരിക പ്രവർത്തനങ്ങൾ, യുവജനവനിതാ ശാക്തീകരണം തുടങ്ങിയ മേഖലകളിൽ വിവിധ പ്രൊവിൻസുകൾ പ്രവർത്തിച്ചുവരുന്നു.

ന്യൂസിലാൻഡിലെ മലയാളികളുടെ സാമൂഹികവും സാംസ്കാരികവുമായ കൂട്ടായ്മ കൂടുതൽ ശക്തിപ്പെടുത്തുന്നതിനൊപ്പം പുതുതലമുറയെ മലയാള ഭാഷയോടും സംസ്കാരത്തോടും കൂടുതൽ അടുപ്പിക്കുന്നതിനും പുതിയ പ്രൊവിൻസ് മുൻഗണന നൽകുമെന്ന് ഭാരവാഹികൾ അറിയിച്ചു. കായിക, കലാ, വനിതാ, യുവജന, ജീവകാരുണ്യ മേഖലകളിലും പ്രത്യേക പരിപാടികൾ സംഘടിപ്പിക്കും.

# അപ്പർ വെസ്റ്റ് ചെസ്റ്റർ മലയാളി അസോസിയേഷന്റെ ഓണാഘോഷം നടത്തി




**- ബാബു പൂപ്പള്ളി**

വെസ്റ്റ്ചെസ്റ്റർ: അപ്പർ വെസ്റ്റ് ചെസ്റ്റർ മലയാളി അസോസിയേഷന്റെ ഓണാഘോഷം ആഗസ്റ്റ് 29 ശനിയാഴ്ച സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ചർച്ച് ഓഡിറ്റോറിയത്തിൽ നടത്തി. അമേരിക്കൻ ദേശീയഗാനത്തോടും തുടർന്ന് ഇന്ത്യൻ ദേശീയ ഗാനത്തോടും കൂടിയാണ് പരിപാടികൾക്ക് തുടക്കമായത്.

അസോസിയേഷൻ സെക്രട്ടറി ബാബു പൂപ്പള്ളി സ്വാഗതം പറഞ്ഞു. മലയാള മനോരമ തിരുവനന്തപുരം മുൻ ചീഫ് ബ്യൂറോ ജോൺ മുണ്ടക്കയം, ഗുരുസ്വാമി പാർത്ഥസാരഥി പിള്ള എന്നിവർ മുഖ്യാതിഥികളായിപങ്കെടുത്തു.

അസോസിയേഷൻ പ്രസിഡന്റ് ജോജി കാവനാൽ അധ്യക്ഷപ്രസംഗം നടത്തി. അസോസിയേഷന്റെ രൂപീകരണകാലം മുതൽ ഇന്നുവരെയുള്ള പ്രവർത്തനങ്ങൾ അനുസ്മരിച്ച അദ്ദേഹം, സംഘടനയുടെ വളർച്ചയ്ക്കും പ്രവർത്തനങ്ങൾക്കും സജീവമായി സഹകരിക്കുന്ന എല്ലാ അംഗങ്ങളെയും അഭിനന്ദിക്കുകയും നന്ദി അറിയിക്കുകയും ചെയ്തു.

ഗുരുസ്വാമി പാർത്ഥസാരഥി പിള്ള ഓണസന്ദേശം നൽകി. അപ്പർ വെസ്റ്റ്ചെസ്റ്റർ മലയാളി അസോസിയേഷൻ നൽകിയ സ്വീകരണത്തിന് ജോൺ മുണ്ടക്കയം നന്ദി പറഞ്ഞു.

അസോസിയേഷൻ അംഗങ്ങൾ, റിച്ചു, രഞ്ജിത, ജോസലിൻ, രമ്യ ടീന, മീന എന്നിവർ ഒരുക്കിയ മനോഹരമായ പൂക്കളവും, ആൻ സി, വീണ, എൽ സി, റിച്ചു, ടീന, മീന, രഞ്ജിത, രമ്യ, സിമി, ഡോണ എന്നിവർ ചേർന്ന് അവതരിപ്പിച്ച തിരുവാതിര, നൃത്തം എന്നിവ ഓണാഘോഷത്തിന്റെ പ്രധാന ആകർഷണങ്ങളായിരുന്നു. തുടർന്ന് നടന്ന സാംസ്കാരിക പരിപാടിയിൽ തഹസീൻ മലയാളം ഗാനങ്ങൾ ആലപിച്ചു. ടാന്യ ആലപ്പാട്ടും, ജെനിറ്റ ആലപ്പാട്ടും നൃത്തം അവതരിപ്പിച്ചു. അജിത് ഗാനമാലപിച്ചു.

അസോസിയേഷൻ ട്രഷറർ ബിജു കരുണാകരൻ നന്ദി പറഞ്ഞു.

## ഇന്ത്യൻ സെക്യൂരിറ്റികളിലെ യു.എസ് പോർട്ട്ഫോളിയോ നിക്ഷേപം 390 ബില്യൺ ഡോളറായി ഉയർന്നുവെന്ന് യു.എസ് ട്രഷറി

**– പി പി ചെറിയാൻ**

വാഷിങ്ടൺ: ഇന്ത്യൻ സെക്യൂരിറ്റികളിലെ യു. എസ് പോർട്ട്ഫോളിയോ നിക്ഷേപം 2025 അവസാനത്തോടെ 390 ബില്യൺ ഡോളറായി ഉയർന്നതായി യു.എസ് ട്രഷറി വകുപ്പിന്റെ പ്രാഥമിക കണക്കുകൾ വ്യക്തമാക്കുന്നു. യു.എസ് പോർട്ട്ഫോളിയോ നിക്ഷേപങ്ങൾ ആകർഷിക്കുന്ന പ്രധാന വിദേശ രാജ്യങ്ങളിൽ ഇന്ത്യ മുൻനിരയിൽ തുടരുകയാണ്.

ആഗസ്റ്റ് 31ന് പുറത്തിറക്കിയ പ്രിമിനറി ആനുവൽ റിപ്പോർട്ട് ഓൺ യു.എസ് പോർട്ട്ഫോളിയോ ഹോൾഡിങ്സ് ഓഫ് ഫോറിൻ സെക്യൂരിറ്റീസ് അറ്റ് ഇയർഎൻഡ് 2025' എന്ന റിപ്പോർട്ടിലാണ് ഈ വിവരങ്ങളുള്ളത്. യു.എസ് ട്രഷറി വകുപ്പും ന്യൂയോർക്ക് ഫെഡറൽ റിസർവ് ബാങ്കും ഫെഡറൽ റിസർവ് സിസ്റ്റം ബോർഡ് ഓഫ് ഗവർണേഴ്സും ചേർന്നാണ് സർവേ നടത്തിയത്.

കൂടുതൽ യു.എസ് പോർട്ട്ഫോളിയോ നിക്ഷേപം ആകർഷിക്കുന്ന രാജ്യങ്ങളുടെ പട്ടികയിൽ കഴിഞ്ഞ വർഷത്തെപ്പോലെ ഇന്ത്യ 12-ാം സ്ഥാനത്താണ്. 2024 അവസാനം 383 ബില്യൺ ഡോളറായിരുന്ന നിക്ഷേപം 7 ബില്യൺ ഡോളർ വർധിച്ച് 390 ബില്യൺ ഡോളറിലെത്തി. ഇത് ഏകദേശം 1.8 ശതമാനത്തിന്റെ വർധനവാണ് കാണിക്കുന്നത്.

ഇന്ത്യയിലെ യു.എസ് നിക്ഷേപങ്ങളിൽ ഭൂരിഭാഗവും ഓഹരികളിലാണ്. 2025 അവസാനത്തോടെ അമേരിക്കൻ നിക്ഷേപകർ ഇന്ത്യൻ ഓഹരികളിൽ 380 ബില്യൺ ഡോളർ നിക്ഷേപിച്ചു (മുൻവർഷം ഇത് 373 ബില്യൺ ഡോളർ ആയിരുന്നു). ഇന്ത്യൻ ദീർഘകാല കടപ്പത്രങ്ങളിലെ നിക്ഷേപം 10 ബില്യൺ ഡോളറിൽ നിന്ന് 11 ബില്യൺ ഡോളറായി ഉയർന്നു. ഹ്രസ്വകാല കടപ്പത്രങ്ങളിലെ നിക്ഷേപം 500 ദശലക്ഷം ഡോളറിൽ താഴെയാണെന്ന് റിപ്പോർട്ട് വ്യക്തമാക്കുന്നു.

ഫാക്ടറികൾ, അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയ ഫിസിക്കൽ ആസ്തികളിലെ നേരിട്ടുള്ള വിദേശ നിക്ഷേപങ്ങൾ (എഫ്.ഡി.ഐ) ഇതിൽ ഉൾപ്പെടുന്നില്ല. യു.എസ് നിക്ഷേപകർ കൈവശം വച്ചിരിക്കുന്ന ഇന്ത്യൻ സെക്യൂരിറ്റികളുടെ വിപണി മൂല്യമാണ് ഈ കണക്കുകൾ സൂചിപ്പിക്കുന്നത്.

ചൈനയെ പിന്തള്ളിയാണ് നിക്ഷേപത്തിൽ ഇന്ത്യ മുന്നിലെത്തിയത്. അമേരിക്കൻ പോർട്ട്ഫോളിയോ നിക്ഷേപം ചൈനയിൽ 318 ബില്യൺ ഡോളറാണ്. ദക്ഷിണ കൊറിയ (384 ബില്യൺ ഡോളർ) ഇന്ത്യക്ക് തൊട്ടുപിന്നിലുണ്ട്. കെയ്മാൻ ഐലൻഡ്സ് (3.07 ട്രില്യൺ ഡോളർ), യുകെ (2.01 ട്രില്യൺ ഡോളർ), കാനഡ (1.89 ട്രില്യൺ ഡോളർ) എന്നിവയാണ് യു.എസ് പോർട്ട്ഫോളിയോ നിക്ഷേപം ഏറ്റവും കൂടുതൽ ആകർഷിച്ച മറ്റ് രാജ്യങ്ങൾ.

മൊത്തത്തിൽ, വിദേശ സെക്യൂരിറ്റികളിലെ യു. എസ് പോർട്ട്ഫോളിയോ നിക്ഷേപത്തിന്റെ മൂല്യം മുൻവർഷത്തെ 15.8 ട്രില്യൺ ഡോളറിൽ നിന്ന് 2025 അവസാനത്തോടെ 19.3 ട്രില്യൺ ഡോളറായി ഉയർന്നിട്ടുണ്ട്.

## ഫെന്റാനിൽ കലർത്തിയ മയക്കുമരുന്ന് നൽകി മൂന്ന് പേരെ കൊലപ്പെടുത്തിയ പ്രതി കുറ്റം സമ്മതിച്ചു, ശിക്ഷ ഒക്ടോബർ 6ന്

**– പി പി ചെറിയാൻ**

ന്യൂയോർക്ക്: ഫെന്റാനിൽ കലർത്തിയ മയക്കുമരുന്ന് നൽകി മൂന്നുപേരെ കൊലപ്പെടുത്തി കവർച്ച നടത്തിയ കേസിൽ ന്യൂയോർക്ക് സ്വദേശിനിയായ താബിത ബൺട്രിക്ക് (39) കുറ്റം സമ്മതിച്ചു. കൊലപാതക കുറ്റങ്ങൾ സമ്മതിച്ച ഇവർക്ക് 27 വർഷം മുതൽ ജീവപര്യന്തം വരെ തടവു ശിക്ഷ ലഭിച്ചേക്കാം. ഒക്ടോബർ 6നാണ് കേസിൽ അന്തിമ ശിക്ഷ വിധിക്കുന്നത്.

2023 ഏപ്രിൽ മുതൽ 2024 ഫെബ്രുവരി വരെയുള്ള കാലയളവിലാണ് ഡേറ്റുകൾ വാഗ്ദാനം ചെയ്ത് ഇവർ പുരുഷന്മാരെ അപ്പാർട്ട്മെന്റുകളിലേക്ക് വിളിച്ചുവരുത്തി മയക്കുമരുന്ന് നൽകി കൊലപ്പെടുത്തിയത്. തുടർന്ന് ഇരകളുടെ ഫോൺ, പണം, വസ്ത്രങ്ങൾ എന്നിവ കവർച്ച ചെയ്യുകയായിരുന്നു പതിവ്. മയക്കുമരുന്ന് അളവ് കൂടിയതിനെ തുടർന്ന് ഒരാൾ അത്യാസന്ന നിലയിൽ നിന്നും രക്ഷപ്പെട്ടിരുന്നു

## സാഹിത്യ വിചാരവേദിയിൽ ഡോ. പ്രമീള ദേവി സംസാരിക്കുന്നു

**– സുരേന്ദ്രൻ നായർ**

ഫ്ലോറിഡ: ഭാരതത്തിലെ ക്ലാസിക്കൽ പാരമ്പര്യത്തെ ഒഴിവാക്കാൻ ശ്രമിക്കുന്ന ആധുനിക സാഹിത്യ പ്രവണതയെ പ്രതിരോധിക്കാനായി മലയാള സാഹിത്യത്തിലെ ധർമ്മസങ്കല്പങ്ങൾ എന്ന വിഷയത്തെ അധികരിച്ചു കെ എച്ച് എൻ എ വിചാരവേദി ചർച്ച സംഘടിപ്പിക്കുന്നു.

കവയത്രിയും ആംഗലേയ സാഹിത്യ അധ്യാപികയും എംജി യൂണിവേഴ്സിറ്റി സെനറ്റ് അംഗവും സാഹിത്യ അക്കാദമിയുടെയും ഫിലിം സെൻസർ ബോർഡിന്റെയും സംസ്ഥാന വനിത കമ്മീഷന്റെയും മുൻ അംഗവുമായിരുന്ന ഡോ.ജെ പ്രമീള ദേവിയാണ് വിഷയം അവതരിപ്പിക്കുക.

## ഡാളസ് കേരള അസോസിയേഷൻ ഗോൾഡൻ ജൂബിലി ആഘോഷം കെ.ജെ. യേശുദാസ് ഉദ്ഘാടനം ചെയ്തു



**– പി.പി. ചെറിയാൻ**

ഡാളസ്: കേരള അസോസിയേഷൻ ഓഫ് ഡാളസിന്റെ ഗോൾഡൻ ജൂബിലി ആഘോഷങ്ങൾക്കും തിരുവോണാഘോഷങ്ങൾക്കും ലൂയിസ്വില്ലയിലെ എന്റക്സ് അരീനയിൽ അവിസ്മരണീയമായ തുടക്കം. പ്രശസ്ത പിന്നണി ഗായകൻ ഗാനഗന്ധർവ്വൻ കെ.ജെ. യേശുദാസ് 50-ാം വാർഷിക ആഘോഷങ്ങളുടെ ഉദ്ഘാടനം നിർവ്വഹിച്ചു.

വർണാഭമായ ഘോഷയാത്രയോടെയാണ് ആഘോഷപരിപാടികൾക്ക് തുടക്കമായത്. ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തുകൊണ്ട് സംസാരിച്ച ഗാനഗന്ധർവ്വൻ, പ്രവാസ ലോകത്ത് മലയാള തനിമയും സംസ്കാരവും മൂല്യങ്ങളും നിലനിർത്തുന്നതിൽ ഡാളസ് കേരള അസോസിയേഷൻ വഹിക്കുന്ന പങ്ക് ഏറെ പ്രശംസനീയമാണെന്ന് അഭിപ്രായപ്പെട്ടു.

സദസ്സിനെ പ്രചോദിപ്പിച്ച തന്റെ സന്ദേശത്തിൽ വിനയത്തിന്റെയും സ്നേഹത്തിന്റെയും ആത്മീയതയുടെയും പ്രാധാന്യത്തെക്കുറിച്ച് അദ്ദേഹം സംസാരിച്ചു.

'സ്ഥാനത്തേക്കാൾ വലിയതാണ് വിനയം; സമ്പത്തിനേക്കാൾ വിലപ്പെട്ടതാണ് സ്നേഹം. നമുക്ക് ലഭിച്ചിരിക്കുന്ന പദവികളും സമ്പത്തും കഴിവുകളും മറ്റുള്ളവരിൽനിന്ന് നമ്മെ അകറ്റാനുള്ള കാരണമാകരുത്. കിരീടം ധരിച്ച രാജാവായാൽ പോലും ജനങ്ങളോട് വിനയത്തോടെയും സ്നേഹത്തോടെയും പെരുമാറണം. മതം നമ്മെ വേർതിരിക്കാനുള്ളതല്ല, മറിച്ച് സ്നേഹത്തിലൂടെയും കരുണയിലൂടെയും നമ്മെ തമ്മിൽ അടുപ്പിക്കാനുള്ളതാണ്. ഈ നല്ല പാരമ്പര്യങ്ങളും മൂല്യങ്ങളും കൈവിട്ടുപോകാതെ പുതിയ തലമുറയിലേക്കും കൈമാറാൻ നമുക്ക് സാധിക്കണം,' എന്ന് ആശംസിച്ചുകൊണ്ടാണ് അദ്ദേഹം തന്റെ വാക്കുകൾ ഉപസംഹരിച്ചത്.

അസോസിയേഷൻ പ്രസിഡന്റ് ഷിജു അബ്രഹാം, സെക്രട്ടറി മൻജിത് കൈനിക്കര, ട്രഷറർ സിജു കൈനിക്കര, ആർട്ട് ഡയറക്ടർ ജിജി പി. സ്കറിയ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. സംഘടനയുടെയും സമൂഹത്തിന്റെയും വളർച്ചയ്ക്ക് വിലയേറിയ സംഭാവനകൾ നൽകിയ പ്രമുഖ വ്യക്തികളെ ചടങ്ങിൽ ആദരിക്കുകയും പുരസ്കാരങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.

ആഘോഷങ്ങൾക്ക് മാറ്റുകൂട്ടി വൈകിട്ട് നടന്ന മാജിക് മെലഡി മിഷൻ കലാസന്ധ്യ അരങ്ങേറി. മജീഷ്യൻ ഗോപിനാഥ് മുതുകാട് മാജിക് ഷോ അവതരിപ്പിച്ചു.

രവിശങ്കർ ആർ, ചിത്ര അരുൺ എന്നിവരുടെ ഗാനമേളയും വിഷ്ണു അശോക് അവതരിപ്പിച്ച വയലിൻ ഫ്യൂഷനും സംഗീതാനുഭവമായി.

## കുറവിലങ്ങാട് അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഹൂസ്റ്റൺ ഓണാഘോഷം നടത്തി



**– ജീമോൻ റാന്നി**

ഹൂസ്റ്റൺ: കേരളീയ തനിമയും പാരമ്പര്യവും സൗഹൃദവും ഒത്തുചേർന്ന കുറവിലങ്ങാട് അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഹൂസ്റ്റൺ ഓണാഘോഷം നടത്തി. ആഗസ്റ്റ് 30 ഞായറാഴ്ച ട്രിനിറ്റി മാർത്തോമ്മാ ചർച്ച് ഹാളിൽ നടന്ന ആഘോഷത്തിൽ ക്യാപ്റ്റൻ മനോജ് പൂപ്പാറ മുഖ്യാതിഥിയായി.

പരമ്പരാഗത കേരളീയ കലാരൂപങ്ങളുടെയും ഓണക്കാഴ്ചകളുടെയും അകമ്പടിയോടെയാണ് ആഘോഷപരിപാടികൾ അരങ്ങേറിയത്. നൃത്തച്ചുവടുകളോടെ മാവേലിയുടെ എഴുന്നള്ളത്ത്, താലപ്പൊലി, വെഞ്ചാമരം, മുത്തുക്കുടകൾ, പുലികളി, ചെണ്ടമേളം, അത്തപ്പൂക്കളം തുടങ്ങിയവ ആഘോഷത്തിന് മിഴിവേകി. തിടമ്പും വെഞ്ചാമരങ്ങളും മുത്തുക്കുടകളും അണിഞ്ഞ ഗജവീരന്മാരുടെ കൂറ്റൻ കട്ട്ഔട്ടുകൾ വേദിയുടെയും ആഘോഷപരിസരത്തിന്റെയും പ്രധാന ആകർഷണമായി.

വിവിധ നൃത്തപരിപാടികൾ, തിരുവാതിര, പാട്ടുകൾ, കോമഡി കഥാപ്രസംഗം തുടങ്ങി വൈവിധ്യമാർന്ന കലാപരിപാടികളും അരങ്ങേറി. കലാകാരന്മാരുടെ പ്രകടനങ്ങൾക്ക് നിറഞ്ഞ കൈയടിയോടെയാണ് സദസ്സ് പ്രതികരിച്ചത്. കെഎജിഎച്ചിലെ ഭാരവാഹികളും അംഗങ്ങളും ചേർന്ന് ആവേശത്തോടെ പങ്കെടുത്ത വള്ളംകളി ▶ 4

# വിശ്വാസത്തിന്റെ ഏഴു വാതിലുകൾ പ്രകാശനം ചെയ്തു




തിരുവനന്തപുരം: പത്രപ്രവർത്തകനും ഗ്രന്ഥകാരനും ആഴ്ചവട്ടം ഓൺലൈൻ പത്രാധിപരുമായ ഡോ.ജോർജ് എം.കാക്കനാട്ടിന്റെ പുസ്തകം വിശ്വാസത്തിന്റെ ഏഴു വാതിലുകൾ ഡോ.തോമസ് മാർ അത്തനാസിയസ് മെത്രാപ്പോലീത്ത കേന്ദ്ര ഗ്രാമവികസന വകുപ്പിൽ മുൻ ജോയിന്റ് സെക്രട്ടറി സന്തോഷ് മാത്യു ഐഎഎസിന് നൽകി പ്രകാശനം ചെയ്തു. കർദിനാൾ മാർ ബസേലിയോസ് ക്ലിമ്മിസ് അദ്ധ്യക്ഷത വഹിച്ചു.

ക്രൈസ്തവ വിശ്വാസത്തിന്റെ പാദമുദ്രകൾ തിരുശേഷിപ്പായി തലയുയർത്തി നിൽക്കുന്ന വഴികളിലൂടെ ഡോ.ജോർജ് എം. കാക്കനാട് നടത്തിയ വിശ്വാസ യാത്രയുടെ ഓർമകളാണ് ഇ കൃതിയിലുള്ളത്.

തുർക്കി മുതൽ അൽബേനിയ വരെയുള്ള ഏഴു രാജ്യങ്ങളിലൂടെയുള്ള യാത്രയാണ് പുസ്തകത്തിന്റെ ഉള്ളടക്കം. സന്തോഷ് ജോർജ് കുളങ്ങരയാണ് പുസ്തകത്തിന്റെ അവതാരിക എഴുതിയിട്ടുള്ളത്. തുർക്കിയുടെ മണ്ണിൽ റോമാ സാമ്രാജ്യത്തിന്റെ ശേഷിപ്പുകളിൽ ഇന്നും മുഴങ്ങിനിൽക്കുന്ന ആദ്യകാല സഭകളുടെ പ്രാർത്ഥനാധ്വനികളിൽ നിന്നാണ് പുസ്തകത്തിന്റെ തുടക്കം. ഗ്രീസിലെ പാറക്കെട്ടുകൾക്ക് മുകളിൽ ദൈവത്തോടടുത്ത് സ്ഥിതിചെയ്യുന്ന മെറ്റിയോറയിലെ ആശ്രമങ്ങളും, അൽബേനിയയിലെയും മറ്റ് കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലെയും അതിപുരാതനമായ ദേവാലയങ്ങളും വായനക്കാർക്ക് പുതിയ അനുഭവം പകരുന്നതാണ്.

ഡോ.ജോർജ് എം. കാക്കനാട് സൈക്കോതെറാപിസ്റ്റായി ജോലി ചെയ്യുന്നു. യു.എസ്. എയർഫോഴ്സിൽ ക്യാപ്റ്റനായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. വേൾഡ് മലയാളി കൗൺസിലിന്റെ സ്ഥാപകാംഗങ്ങളിൽ ഒരാൾ. അമേരിക്കയിലെ നിരവധി സാമൂഹിക സാംസ്കാരിക സംഘടനകളുടെ നേതൃ സ്ഥാനം വഹിച്ചിട്ടുണ്ട്.

പ്രവാസിരത്ന അവാർഡ് അടക്കം നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. നിലവിൽ സൗത്ത് ഇന്ത്യൻ യു.എസ് ചേംബർ ഓഫ് കോമേഴ്സ് പ്രസിഡന്റ്, അമേരിക്കയിലെ സീറോ മലങ്കര കത്തോലിക്കാ സഭ രൂപതയിലെ പാസ്റ്ററൽ കൗൺസിൽ അംഗം, നാഷണൽ എക്സ്ചേഞ്ച് ക്ലബ് ബോർഡ് അംഗം, ദി അസോസിയേഷൻ ഓഫ് ഇന്റർനാഷണൽ റിസർച്ചേഴ്സ് ഓഫ് ഇന്ത്യൻ ഒറിജിൻ യു.എസ്.എ ചാപ്റ്റർ പ്രസിഡന്റ് തുടങ്ങിയ പദവികൾ വഹിക്കുന്നു. ഡെഡ്‌ലൈൻ, നിരൂപക പ്രശംസ പിടിച്ചുപറ്റിയ മെക്സിക്കോ യാത്രയും അന്വേഷണവും എന്നീ പുസ്തകങ്ങളുടെ രചയിതാവുമാണ്.

# ഏകൽ വിദ്യാലയയുടെ ഡാലസ് ധനസമാഹരണത്തിൽ റെക്കോർഡ് നേട്ടം

– പ്രസാദ് തീയാടിക്കൽ



ടെക്സസ്: ഗ്രാമീണ ആദിവാസി മേഖലകളിലെ വിദ്യാഭ്യാസവും സമഗ്ര ഗ്രാമവികസനവും ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഏകൽ വിദ്യാലയ ഫൗണ്ടേഷന്റെ ഡിഎഫ്ഡബ്ല്യു ചാപ്റ്റർ സംഘടിപ്പിച്ച ധനസമാഹരണ പരിപാടി ശ്രദ്ധേയമായ നേട്ടം കൈവരിച്ചു. ഓഗസ്റ്റ് 28ന് ഗാർലൻഡിലെ പരിപാടികളിലൂടെയും അനുബന്ധ ഫണ്ട്റൈസിംഗ് ക്യാമ്പയിനിലൂടെയും ഏകദേശം 2.22 ലക്ഷം ഡോളർ സംഭാവനകളും വാഗ്ദാനങ്ങളുമായി സമാഹരിച്ചതായി സംഘടനയുടെ വാർത്താക്കുറിപ്പിൽ അറിയിച്ചു.

സമാഹരിച്ച തുക ഉപയോഗിച്ച് ഭാരതത്തിലെ ഏകദേശം 342 ഗ്രാമങ്ങളിൽ വിവിധ പദ്ധതികൾ നടപ്പാക്കാനാകുമെന്നാണ് ഏകൽ വിദ്യാലയയുടെ വിലയിരുത്തൽ. ഇതിൽ 252 ഏകൽ സ്കൂളുകൾക്കുള്ള സഹായവും, ഓരോന്നും ഏകദേശം 30 ഗ്രാമങ്ങളെ ഉൾക്കൊള്ളുന്ന മൂന്ന് പ്രത്യേക വികസന പദ്ധതികളും ഉൾപ്പെടുന്നു. ഈ മൂന്ന് പദ്ധതികളിലൂടെ മാത്രം 90 ഗ്രാമങ്ങളിലേക്ക് പ്രവർത്തനം വ്യാപിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്.

ഡിഎഫ്ഡബ്ല്യു ചാപ്റ്ററിന്റെ ചരിത്രത്തിലെ ഏറ്റവും ശക്തമായ ധനസമാഹരണ പ്രവർത്തനങ്ങളിലൊന്നായി ഇത്തവണത്തെ ക്യാമ്പയിൻ മാറിയതായി സംഘാടകർ വ്യക്തമാക്കി. പങ്കെടുത്തവരുടെ എണ്ണം, സമാഹരിച്ച തുക, വ്യത്യസ്ത ദാതാക്കളുടെയും പിന്തുണക്കുന്നവരുടെയും പങ്കാളിത്തം തുടങ്ങിയ മേഖലകളിൽ മുൻകാല നേട്ടങ്ങൾ കൈവരിക്കുകയോ മറികടക്കുകയോ ചെയ്തതായും വാർത്താക്കുറിപ്പിൽ പറയുന്നു.

പരിപാടിക്ക് മുമ്പായി ഒരുക്കിയ അത്താഴവിരുന്നോടെയാണ് അതിഥികളെ സ്വീകരിച്ചത്. തുടർന്ന് ഏകൽ വിദ്യാലയയുടെ പ്രവർത്തനങ്ങളും ഗ്രാമീണ മേഖലകളിൽ സംഘടന സൃഷ്ടിക്കുന്ന മാറ്റങ്ങളും വിശദീകരിക്കുന്ന അവതരണങ്ങൾ നടന്നു.

വിദ്യാഭ്യാസത്തിനൊപ്പം സംസ്കാർ, മൂല്യങ്ങൾ, സ്വഭാവരൂപീകരണം, സാംസ്കാരിക പൈതൃകം, ഇന്ത്യൻ കലാപാരമ്പര്യം എന്നിവയ്ക്ക് ഏകൽ നൽകുന്ന പ്രാധാന്യം ഉയർത്തിക്കാട്ടുന്നതായിരുന്നു കലാപരിപാടിയെന്ന് സംഘാടകർ പറഞ്ഞു.

ദാതാക്കൾ, സ്പോൺസർമാർ, സാമൂഹിക സംഘടനകൾ, സിവിക് നേതാക്കൾ, സന്നദ്ധപ്രവർത്തകർ, കുടുംബങ്ങൾ തുടങ്ങി സമൂഹത്തിന്റെ വിവിധ മേഖലകളിൽ നിന്നുള്ളവർ പരിപാടിയിൽ പങ്കെടുത്തു.

ഗ്രാമീണ ആദിവാസി സമൂഹങ്ങളുടെ സമഗ്ര പുരോഗതി ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ജനകീയ പ്രസ്ഥാനമാണ് ഏകൽ വിദ്യാലയ. അടിസ്ഥാന വിദ്യാഭ്യാസത്തിനൊപ്പം സംസ്കാർ, സാംസ്കാരിക മൂല്യങ്ങൾ, സർഗാത്മക പാരമ്പര്യം, ആരോഗ്യ ബോധവൽക്കരണം, നൈപുണ്യ വികസനം, ഡിജിറ്റൽ സാക്ഷരത, സാമ്പത്തിക ശാക്തീകരണം, സുസ്ഥിര ഗ്രാമവികസനം തുടങ്ങിയ മേഖലകളിലും പ്രവർത്തിക്കുന്ന സംഘടനയാണ് ഏകൽ വിദ്യാലയ.

# ചിക്കാഗോയിൽ സംയുക്ത പെന്തക്കോസ്തു കൺവെൻഷനും ആരാധനയും 18 മുതൽ

ചിക്കാഗോ: പെന്തക്കോസ്ത് സഭകളുടെ സംയുക്ത പ്രവർത്തന വേദിയായ ഫെലോഷിപ്പ് ഓഫ് പെന്തക്കോസ്തൽ ചർച്ചസ് ഇൻ ചിക്കാഗോയുടെയും യുവജന വിഭാഗമായ ചിക്കാഗോ ക്രിസ്ത്യൻ ഫെലോഷിപ്പിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ സെപ്റ്റംബർ 18 വെള്ളി മുതൽ 20 ഞായർ വരെ സംയുക്ത കൺവെൻഷനും ആരാധനയും നടക്കും. ഡബ്ല്യു എം ഇ സഭകളുടെ അന്തർദേശീയ പ്രസിഡന്റ് റവ. ഡോ.ഓ.എം. രാജുകുട്ടി, പാസ്റ്റർ സ്റ്റീവ് ജോൺസ് എന്നിവർ മുഖ്യാതിഥികൾ ആയിരിക്കും.

വെള്ളിയാഴ്ച വൈകിട്ട് 6.30ന് ആരംഭിക്കുന്ന പ്രഥമ യോഗം ഗിൽഗാൽ പെന്തക്കോസ്തൽ അസംബ്ലിയിൽ വച്ചായിരിക്കും. ശനിയാഴ്ച വൈകിട്ട് ആറര മണിക്കും ഞായറാഴ്ച രാവിലെ ഒമ്പതര മണിക്കും ലൈൽസിൽ ഉള്ള ബെനഡിക്ടൻ യൂണിവേഴ്സിറ്റിയുടെ ഓഡിറ്റോറിയത്തിലാണ് സമ്മേളനം നടക്കുന്നത്. സി സി എഫ്, എഫ് പി സി സി ക്വയർ പ്രയിസ് ആൻഡ് വർഷിപ്പിന് നേതൃത്വം നൽകും. ഞായറാഴ്ച രാവിലെ നടക്കുന്ന ആരാധനയോഗത്തിൽ വിശുദ്ധ തിരുവത്താഴ ശുശ്രൂഷയും ഉണ്ടായിരിക്കും.

മലയാളത്തിലും ഇംഗ്ലീഷിലും വെവ്വേറെ സമ്മേളനങ്ങൾ ആണ് ഈ വർഷം ക്രമീകരിച്ചിരിക്കുന്നത്. എഫ് പി സിസി കൺവീനർമാരായ പാസ്റ്റർ സേവിയർ ജെയിംസ്, പാസ്റ്റർ എം ജി ജോൺസൺ, സി സി എഫ് പ്രസിഡന്റ് ബിനോയി ചാക്കോ എന്നിവർ നേതൃത്വം നൽകും. 16 പ്രാദേശിക സഭകളുടെ സംയുക്ത പ്രവർത്തന വേദിയാണ് എഫ്പിസിസി.

# നയാഗ്ര മലയാളി സമാജത്തിന്റെ നേതൃത്വത്തിൽ മെഗാ ഓണം ആഘോഷിച്ചു



ടൊറന്റോ: നയാഗ്ര മലയാളി സമാജത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച മെഗാ ഓണം 2026 ഓഗസ്റ്റ് 22ന് വെസ്റ്റ് നയാഗ്ര തിയേറ്ററിൽ ആഘോഷിച്ചു. ആയിരത്തിലധികം മലയാളികൾ പങ്കെടുത്ത പരിപാടി കേരളീയ പാരമ്പര്യത്തിന്റെയും സംസ്കാരത്തിന്റെയും കൂട്ടായ്മയുടെയും ആഘോഷമായി.

ചെണ്ടമേളത്തിന്റെ അകമ്പടിയോടെ നടന്ന ഗംഭീരമായ മാവേലി വരവേൽപ്പും വൈവിധ്യമാർന്ന കലാപരിപാടികളും ആഘോഷത്തിന് മാറ്റുകൂട്ടി. പ്രശസ്ത കലാകാരന്മാരായ അബിദ് അന്വറും സുകന്യ വർധരാജും അവതരിപ്പിച്ച സംഗീത പരിപാടിയും ശ്രദ്ധേയമായി. പരമ്പരാഗത ഓണസദ്യയും ആഘോഷത്തിന്റെ പ്രധാന ആകർഷണമായി.


നയാഗ്ര മലയാളി സമാജത്തിന്റെ പ്രസിഡന്റ് ശില്പ ജോഗിയുടെ നേതൃത്വത്തിൽ കമ്മിറ്റി അംഗങ്ങളുടെയും സന്നദ്ധ പ്രവർത്തകരുടെയും കൂട്ടായ പരിശ്രമത്തിലാണ് പരിപാടി സംഘടിപ്പിച്ചത്.

പിന്റോ, ജിയോ, ജോർജ് കെ., ബിജോയ്, സുജിത്ത് എസ്., എൽദോസ്, മധു, മിലൻ, നിഹാൻ, ജെയ്മോൻ മാപ്പിളശ്ശേരിൽ, റിഗിൽ, അലൻ, ടിജോ, മൊവിൻ, വിൻസെന്റ് എന്നിവർ നേതൃത്വം നൽകി.

സുജിത്ത്, ശാലിനി, ക്രിസ്റ്റി, വഫ, അഞ്ജു, മേഘ, ആൻ, കരോളിൻ, കാതറിൻ, മരിയ, റാം, ആന്റണി എന്നിവർ കാവ്യയുടെ നേതൃത്വത്തിൽ നടന്ന കലാപരിപാടികളുടെ ഏകോപനം നിർവ്വഹിച്ചു.

# ഹാരിസ് കൗണ്ടി യൂണിവേഴ്സൽ സർവീസസ് 2026ലെ സിഐഒ 100 അവാർഡ് സിന്ധു മേനോന്

**- ശങ്കരൻകുട്ടി ഹൂസ്റ്റൻ**



ഹാരിസ് കൗണ്ടി യൂണിവേഴ്സൽ സർവീസസിന് 2026 ലെ അഭിമാനകരമായ സിഐഒ 100 അവാർഡ് കൗണ്ടി ചീഫ് ഇൻഫർമേഷൻ ഓഫീസറും എക്സിക്യൂട്ടീവ് ഡയറക്ടറുമായ മലയാളി സിന്ധു മേനോന്.

സ്വകാര്യ മേഖലയിൽ വിവരസാങ്കേതികവിദ്യയിൽ തന്റെ കരിയർ ആരംഭിച്ച സിന്ധു, തുടർന്ന് കാനഡയിലെ ഒന്റാറിയോ ഗവൺമെന്റിൽ ഒരു എന്റർപ്രൈസ് ആർക്കിടെക്റ്റായി പൊതുമേഖലയിലേക്ക് മാറി.

ഹാരിസ് കൗണ്ടിയിൽ ചേരുന്നതിന് മുമ്പ്, സിന്ധു നോർത്ത് കരോലിനയിലെ റാലി നഗരത്തിന്റെയും ടെക്സസിലെ സിറ്റി ഓഫ് കോളേജ് സ്റ്റേഷന്റെയും സിഐഒ ആയിരുന്നു. സിന്ധു ഹ്യൂസ്റ്റൺ നഗരത്തിൽ ഇആർപിയുടെ അസിസ്റ്റന്റ് ഡയറക്ടറായും എന്റർപ്രൈസ് ഡാറ്റ ഓഫീസറായും സേവനമനുഷ്ഠിച്ചു.

ഐടിയിലെ തന്റെ കരിയറിൽ, ധനകാര്യം,നിർമ്മാണം, ഇൻഷുറൻസ്, പൊതുമേഖല എന്നിവയുൾപ്പെടെ എന്നാൽ അതിൽ മാത്രം ഒതുങ്ങാതെ വിവിധ വ്യവസായങ്ങളിൽ ടെക്നോളജി ടീമുകളെ സിന്ധു നയിച്ചിട്ടുണ്ട്.

ഉയർന്ന പ്രശസ്തി നേടിയ അന്താരാഷ്ട്ര സർവകലാശാലകളിൽ നിന്ന് ഗണിതശാസ്ത്രത്തിൽ സയൻസ് ബിരുദവും കമ്പ്യൂട്ടർ ആപ്ലിക്കേഷനുകളിൽ മാസ്റ്റർ ഓഫ് സയൻസും സിന്ധു നേടിയിട്ടുണ്ട്. ഡാളസിലെ ടെക്സസ് സർവകലാശാലയിൽ നിന്ന് മാസ്റ്റർ ഓഫ് ബിസിനസ് അഡ്മിനിസ്ട്രേഷനും അവർ നേടി. കൂടാതെ, ഒരു സർട്ടിഫൈഡ് ഗവൺമെന്റ് സിഐഒ ആണ്. ഹാർവാർഡ് സർവകലാശാലയിൽ നിന്ന് പബ്ലിക് ലീഡർഷിപ്പ് ക്രെഡൻഷ്യലുകൾ പൂർത്തിയാക്കി. അറിവിനായുള്ള തന്റെ അന്വേഷണം ഒരിക്കലും അവസാനിപ്പിക്കാത്ത സിന്ധു, നിലവിൽ പിഎച്ച്ഡി നേടുന്നു.

2025 ലെ പൊതുമേഖലയ്ക്കുള്ള ഓർബി അവാർഡ് ജേതാവ് 2024 സിഐഒ ഗ്ലോബൽ ലീഡർഷിപ്പ് അവാർഡ് ജേതാവ് 2024 ലെ ഐഎസിസിജിഎച്ച് പ്രൊഫഷണൽ ഓഫ് ദി ഇയർ അവാർഡ് ജേതാവ്, സാങ്കേതികവിദ്യ, ഫ്ളീറ്റ്, ഉപഭോക്തൃ ഇടപെടൽ എന്നിവയിൽ തെളിയിക്കപ്പെട്ട ട്രാക്ക് റെക്കോർഡും ശക്തമായ വൈദഗ്ധ്യവുമുള്ള എക്സിക്യൂട്ടീവാണ്.

# ഫോമാ ദേശീയ കൺവെൻഷന് നേതൃത്വം നൽകിയവരെ ആദരിച്ചു



**- ജീമോൻ റാന്നി**

ഹൂസ്റ്റൺ: ഫോമാ ദേശീയ കൺവൻഷൻ ഹൂസ്റ്റണിൽ വിജയകരമായി സംഘടിപ്പിക്കുന്നതിന് മികച്ച നേതൃത്വം നൽകിയ ഫോമാ പ്രസിഡന്റ് ബേബി മണക്കുന്നേലിനെ അഭിനന്ദിക്കുന്നതിനും ആദരിക്കുന്നതിനുമായി ഓഗസ്റ്റ് 30 ഞായറാഴ്ച വൈകുന്നേരം അപ്നാ ബസാർ ഓഡിറ്റോറിയത്തിൽ ഹൂസ്റ്റൺ സംഘാടക സമിതി പ്രത്യേക യോഗം സംഘടിപ്പിച്ചു.

കൺവൻഷന്റെ വിജയത്തിൽ ബേബി മണക്കുന്നേലിന്റെ നേതൃത്വവും അർപ്പണബോധവും നിർണായക പങ്കു വഹിച്ചതായി യോഗത്തിൽ പങ്കെടുത്തവർ അഭിപ്രായപ്പെട്ടു. അദ്ദേഹത്തിന്റെ ക്ഷമ, വിനയം, എല്ലാവരെയും ഒരുമിച്ച് നയിക്കാനുള്ള കഴിവ് എന്നിവയെ പ്രഭാഷകർ പ്രത്യേകം പ്രശംസിച്ചു. വിവിധ മേഖലകളിൽ നിന്നുള്ളവരെ ഒരുമിപ്പിച്ച് മികച്ച രീതിയിൽ കൺവൻഷൻ സംഘടിപ്പിക്കാൻ അദ്ദേഹത്തിന്റെ നേതൃത്വഗുണങ്ങൾ സഹായിച്ചതായും അവർ ചൂണ്ടിക്കാട്ടി. അദ്ദേഹത്തോടൊപ്പം കൺവെൻഷന്റെ വിജയത്തിനായി കഠിനാധ്വാനം ചെയ്ത മുഴുവൻ ടീമംഗങ്ങളെയും യോഗത്തിൽ ആദരിച്ചു.

സ്റ്റാഫോർഡ് സിറ്റി മേയർ കെൻ മാത്യു, ഡിസ്ട്രിക്ട് ജഡ്ജി സുരേന്ദ്രൻ കെ.പട്ടേൽ, ജഡ്ജി ജൂലി മാത്യു, പോലീസ് ക്യാപ്റ്റൻ മനു പൂപ്പാറയിൽ എന്നിവർ ഉൾപ്പെടെ നിരവധി പ്രമുഖർ യോഗത്തിൽ പങ്കെടുത്തു. ബേബി മണക്കുന്നേലിന് മെമന്റോയും പൊന്നാടയും നൽകി ആദരിച്ചു.

ഫോമാ നാഷണൽ കമ്മിറ്റി അംഗം ജിജു കുളങ്ങര അധ്യക്ഷത വഹിച്ചു. കൺവൻഷൻ റിസപ്ഷൻ കമ്മിറ്റി ചെയർമാനുമായ ജോയ് എൻ. സാമുവൽ സ്വാഗതം പറഞ്ഞു. ഫോമാ മുൻ സെക്രട്ടറിയും മുൻ ട്രഷററുമായ ഷാജി എഡ്വേർഡ് പരിപാടിയുടെ എംസിയായി പ്രവർത്തിച്ചു.

രാജൻ യോഹന്നാൻ (സെക്യൂരിറ്റി ചെയർ), രാജേഷ് മാത്യു (ട്രാൻസ്പോർട്ടേഷൻ ചെയർ), സൈമൺ വളാച്ചേരിൽ, ജീമോൻ റാന്നി (മീഡിയ ചെയർ ആന്റ് കോ ചെയർ), പ്രസാദ് ഉമ്മൻ (ബിസിനസ് ഫോറം ചെയർ), ജോൺ ഡബ്ല്യു വർഗീസ്, ഡോ.റെയ്നറോക്ക് (ഹെൽത്ത് ഫെയർ ചെയർ ആന്റ് കൺവെൻഷൻ എംസി), മൈക്കിൾ ജോയ് (റീജിണൽ ആർവിപി), ക്രിസ് ആൻഡ് ആൻസി (കൺവെൻഷൻ എംസി), സാജൻ ആൻഡ് മെർലിൻ (കൺവെൻഷൻ എംസി), സുരേഷ് രാമകൃഷ്ണൻ (അപ്ന ബസാർ), ജോർജ് തോമസ് (ബാബുടിജിഎം പ്രസ്സ്), ഡോ.സാം ജോസഫ് (ഫോമാ പത്താം വാർഷികം ആർവിപി), എസ് കെ ചെറിയാൻ (ഭക്ഷണക്രമീകരണം) എന്നിവരെയും ആദരിച്ചു. എംജി മാത്യുവിന്റെ ചിരിയരങ്ങ് സമ്മേളനത്തിന് മാറ്റു കൂട്ടി. അദ്ദേഹം മണക്കുന്നേലിന് ഹാരമണിയിച്ചു.

തനിക്കു ലഭിച്ച അഭിനന്ദനങ്ങൾക്കും ആദരവിനും മറുപടി പറഞ്ഞ ഫോമാ പ്രസിഡന്റ് ബേബി മണക്കുന്നേൽ കൺവൻഷന്റെ വിജയത്തിനായി പിന്തുണയും സഹകരണവും നൽകിയ എല്ലാവർക്കും നന്ദി അറിയിച്ചു.

അനിൽ ആറന്മുള, എബ്രഹാം ഈപ്പൻ, അഡ്വ. മാത്യു വൈരമൺ, സണ്ണി കാരിക്കൽ, സുനിൽ കോര ആന്റ് റാണി, ജോർജ് കോളാച്ചേരിൽ, രമേശ് അത്തിയോടി, ലിജി ഉമ്മൻ തുടങ്ങിയവരും ചടങ്ങിൽ സംബന്ധിച്ച് സംസാരിച്ചു.

ഫോമാ സ്ഥാപക പ്രസിഡന്റ് ശശിധരൻ നായർ, കൺവെൻഷൻ ചെയർ സുബിൻ കുമാരൻ, തോമസ് ഒലിയാംകുന്നേൽ ആന്റ് പൊടിയാമ്മ പിള്ള (പ്രോസഷൻ നാഷണൽ, റീജിയണൽ ചെയർ), നാഷണൽ കമ്മിറ്റി മെമ്പർ എലെക്സ് തോമസ് ജോർജ് (സഞ്ജു), ഡെന്നിസ് മാത്യു ആന്റ് സലിൽ മുഹമ്മദ് (സെക്യൂരിറ്റി), ശശി പിള്ള തുടങ്ങിയവരുടെ പ്രവർത്തനങ്ങളെ പ്രത്യേകം അഭിനന്ദിച്ചു.

ജോർജ് തെക്കേമല, മോട്ടി മാത്യു, സജി പുല്ലാട് എന്നിവർ സമ്മേളനത്തിന്റെ മീഡിയ ടീമിന് നേതൃത്വം നൽകി.

നാഷണൽ കമ്മിറ്റി മെമ്പർ ഇലെക്സ് ക്രിസ്റ്റഫർ ജോർജ് നന്ദി പറഞ്ഞു.

# ഇമ്മാനുവേൽ കൊയ്ത്തുത്സവം, ഒന്നാം സമ്മാനം ടൊയോട്ട കൊറോള ക്രോസ്

**- സജി പുല്ലാട് ഹൂസ്റ്റൺ**

ഹൂസ്റ്റൺ: ഇമ്മാനുവേൽ മാർത്തോമ്മ ഇടവകയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന കൊയ്ത്തുത്സവം 2026ഒക്ടോബർ 24 ശനിയാഴ്ച ഉച്ച കഴിഞ്ഞ് രണ്ടു മണി മുതൽ 9 വരെ ഇമ്മാനുവൽ സെന്ററിൽ നടത്തപ്പെടുന്നു. നറുക്കെടുപ്പിലൂടെ ഒന്നാം സമ്മാനമായി നൽകുന്നത് ഏറ്റവും പുതിയ ടൊയോട്ട കൊറോള ക്രോസ്. കൂടാതെ സമ്മാന പദ്ധതിയുടെ ഭാഗമായി പങ്കെടുക്കുന്നവർക്ക് ആവേശം പകരുന്ന നിരവധി സമ്മാനങ്ങളും, അവസരങ്ങളും ഉണ്ടായിരിക്കുന്നതാണ്.

ഇമ്മാനുവൽ കൊയ്ത്തുൽസവംവൻവിജയം ആക്കി തീർക്കണമെന്ന് ഇടവക വികാരി റവ.ഡോ.ജോസഫ് ജോൺ, അസോസിയേറ്റ് വികാരി റവ.ജോൺ വിൽസൺ, ഭാരവാഹികളായ ജോൺ കെ.ഫിലിപ്പ്, ജോജി ജോൺ, ചെറിയാൻ മാത്യു, രാജേഷ് മാത്യു, ജിം തോമസ് എന്നിവർ സംയുക്തമായി അറിയിച്ചു.

# കുറവിലങ്ങാട് അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഹൂസ്റ്റൺ ഓണാഘോഷം നടത്തി

ഓണാഘോഷത്തിലെ ഏറ്റവും ശ്രദ്ധേയമായ പരിപാടികളിലൊന്നായി. ആവേശം നിറച്ച വള്ളംകളി കാണികൾക്ക് ഏറെ ആസ്വാദ്യകരമായി.

ഓണാഘോഷ പരിപാടികളിൽ എത്തിച്ചേർന്നവരിൽ നിന്നും കുറവിലങ്ങാട് മന്നൻ, മങ്ക, കുമാരി, കുമാരൻ, പ്രിൻസ്, പ്രിൻസസ്സ് എന്നിവരെ തിരഞ്ഞെടുത്ത് ക്രൗൺ നൽകി ആദരിച്ചു.

കെ.എ.ജി.എച്ച് പ്രസിഡന്റ് ജോമോൻ ജേക്കബ് നേതൃത്വം വഹിച്ചു. സെക്രട്ടറി ലതീഷ് കൃഷ്ണൻ, വൈസ് പ്രസിഡന്റ് ആനീസ് ഷാജി, ട്രഷറർ സിനു വെട്ടിയാനി എന്നിവർ കമ്മിറ്റി അംഗങ്ങളായ ഷാജി ജോസ്, ടോസ് മോൻ, സൂസൻ, മനോജ്, ജിജോയ്, ബിജോയ്, സിറിയക്, ജോർജ്, രഞ്ജു, സണ്ണി എന്നിവരും പരിപാടിയുടെ വിജയത്തിനായി പ്രവർത്തിച്ചു. അസോസിയേഷൻ ഭാരവാഹികളുടെയും കമ്മിറ്റി അംഗങ്ങളുടെയും പ്രവർത്തകരുടെയും കൂട്ടായ പരിശ്രമവും അംഗങ്ങളുടെ അകമഴിഞ്ഞ സഹകരണവുമാണ് ആഘോഷം ഇത്രയും വിജയകരമാക്കാൻ സഹായിച്ചതെന്ന് ഭാരവാഹികൾ അറിയിച്ചു.

# ഐ. എം. എയുടെ ഓണസമ്മാനം സജി തോമസ് കൊട്ടാരക്കരയ്ക്ക്



**- ജോർജ് പണിക്കർ**

ചിക്കാഗോ ഇല്ലിനോയി മലയാളി അസോസിയേഷൻ അംഗങ്ങളിൽ നിന്നും സ്വരൂപിച്ചു 3500 ഡോളർ ഭവന നിർമ്മാണത്തിനായി നൽകി ഓണാഘോഷത്തിന് പുതിയ മാനം നൽകി. സുബാഷ് ജോർജ് സംഘടിപ്പിച്ച യോഗത്തിൽ വച്ചാണ് ഇല്ലിനോയി മലയാളി അസോസിയേഷൻ മുൻ പ്രസിഡന്റ് ജോർജ് പണിക്കർ കൈമാറിയത്.

അഞ്ചാം വയസിൽ പോളിയോ രോഗം ബാധിച്ച് ഒരു കാൽ തളർന്നിട്ടും നിശ്ചയ ദാർഢ്യവും, വിനയവും, അദ്ധ്വാനവും താൻ പഠിച്ച തൊഴിൽ അഭിമാനത്തോട് ചെയ്തു കുടുംബത്തെ പുലർത്തുന്ന സജി ▶

## ദൈവാലയം ഇനി ജനങ്ങളിലേക്ക്; മെക്സിക്കോയിൽ ചാപ്പൽ ഓൺ വീൽസ്

- പ്രസാദ് തീയാടിക്കൽ



മെക്സിക്കോ: ദൈവാലയ സൗകര്യങ്ങൾ ലഭ്യമല്ലാത്ത പ്രദേശങ്ങളിലെ വിശ്വാസികൾക്ക് ദിവ്യകാരുണ്യ ആരാധനയ്ക്കും കുമ്പസാരത്തിനും അവസരമൊരുക്കാൻ വ്യത്യസ്തമായ പദ്ധതിയുമായി മെക്സിക്കോയിലെ മൊണ്ടെറെ അതിരൂപത. പ്രത്യേകമായി ക്രമീകരിച്ച യാത്രാവാഹനത്തിൽ ഒരുക്കിയ ചാപ്പൽ ഓൺ വീൽസ്(സഞ്ചരിക്കുന്ന ആരാധനാ ചാപ്പൽ) അതിരൂപത ആരംഭിച്ചു.

ദൈവാലയത്തിലേക്ക് വിശ്വാസികൾ എത്തുന്നതിനായി കാത്തിരിക്കാതെ, ദിവ്യകാരുണ്യ സാന്നിധ്യം ജനങ്ങളുടെ അടുത്തേക്ക് എത്തിക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. ദേവാലയ സൗകര്യമില്ലാത്ത പ്രദേശങ്ങളിലും ദിവ്യകാരുണ്യ ആരാധന പ്രോത്സാഹിപ്പിക്കണമെന്ന ആശയത്തിൽ നിന്നാണ് പദ്ധതിക്ക് തുടക്കമായതെന്ന് ഇതിന്റെ ചുമതലയുള്ള ഫാ. അഡ്രിയാൻ വില്ലാഗ്രാൻ ഗ്വെറേറോ വ്യക്തമാക്കി.

18 പേർക്ക് സഞ്ചരിക്കാവുന്ന പാസഞ്ചർ വാനാണ് ഇതിനായി പ്രത്യേകമായി രൂപാന്തരപ്പെടുത്തിയിരിക്കുന്നത്. വാഹനം പ്രധാനമായും മൂന്ന് ഭാഗങ്ങളായാണ് ക്രമീകരിച്ചിരിക്കുന്നത്. പിൻഭാഗത്ത് ദിവ്യകാരുണ്യ സാന്നിധ്യത്തിൽ ഒരേസമയം നാലു പേർക്ക് പ്രാർത്ഥിക്കാൻ കഴിയുന്ന ചെറിയ ആരാധനാമുറിയുണ്ട്. മധ്യഭാഗത്ത് സ്വകാര്യമായി കുമ്പസാരിക്കുന്നതിനുള്ള സൗകര്യവും മുൻഭാഗത്ത് ഡ്രൈവർ സീറ്റുമാണ് ഒരുക്കിയിരിക്കുന്നത്.

2026 ഓഗസ്റ്റ് 20ന് മൊണ്ടെറെ ആർച്ച്ബിഷപ്പ് റോജെലിയോ കബ്രേര ലോപ്പസ് സഞ്ചരിക്കുന്ന ചാപ്പൽ ആശീർവദിച്ചു.

ദൈവാലയങ്ങൾ ലഭ്യമല്ലാത്ത പ്രദേശങ്ങൾക്കു പുറമേ ആശുപത്രികൾ, ദുരന്തബാധിത മേഖലകൾ, സുവിശേഷീകരണ പരിപാടികൾ, ധ്യാനങ്ങൾ തുടങ്ങിയ വിവിധ സാഹചര്യങ്ങളിലും ഈ മൊബൈൽ ചാപ്പലിന്റെ സേവനം പ്രയോജനപ്പെടുത്താനാണ് പദ്ധതി.

ജനങ്ങൾ ദൈവാലയത്തിലേക്ക് എത്തുന്നതു മാത്രം കാത്തിരിക്കാതെ, ദൈവാലയം ജനങ്ങളിലേക്ക് എത്തുന്നുഎന്ന ആശയമാണ് ഈ പദ്ധതിയിലൂടെ മൊണ്ടെറെ അതിരൂപത പ്രാവർത്തികമാക്കുന്നത്. വിശ്വാസികളിൽ നിന്നും മികച്ച പ്രതികരണമാണ് ഈ വ്യത്യസ്തമായ സുവിശേഷീകരണ സംരംഭത്തിന് ലഭിക്കുന്നത്.

## 43 ലക്ഷം ഡോളർ തട്ടിപ്പ്; ബ്രാംപ്ടണിലെ മുൻ അഭിഭാഷകൻ അറസ്റ്റിൽ

- പ്രസാദ് തീയാടിക്കൽ

ബ്രാംപ്ടൺ: കാനഡയിലെ ബ്രാംപ്ടണിൽ 4.3 മില്യൺ കനേഡിയൻ ഡോളറിന്റെ (ഏകദേശം 43 ലക്ഷം ഡോളർ) തട്ടിപ്പ് നടത്തിയെന്ന ആരോപണത്തിൽ മുൻ അഭിഭാഷകൻ പവൻജീത് സിങ് മാൻ (52) നിരവധി ക്രിമിനൽ കുറ്റങ്ങൾ നേരിടുന്നു.

പീൽ റീജിയണൽ പൊലീസിന്റെ അന്വേഷണത്തിൽ, നിയമ ഇടപാടുകളുമായും അഭിഭാഷക ട്രസ്റ്റ് അക്കൗണ്ടുകളുമായും ബന്ധപ്പെട്ട നാല് വ്യത്യസ്ത മോർട്ട്ഗേജ്, ചെക്ക് തട്ടിപ്പ് പദ്ധതികളിലൂടെയാണ് വൻതുക നഷ്ടപ്പെടുത്തിയതെന്നാണ് ആരോപണം.

2026 ഓഗസ്റ്റ് 21ന് മാൻ അറസ്റ്റിലായതായി പൊലീസ് അറിയിച്ചു. 5,000 ഡോളറിന് മുകളിലുള്ള തട്ടിപ്പ്, കുറ്റകൃത്യത്തിലൂടെ ലഭിച്ച സ്വത്ത് കൈവശം വയ്ക്കൽ, ക്രിമിനൽ വിശ്വാസവഞ്ചന, വ്യാജരേഖകൾ ഉപയോഗിക്കൽ തുടങ്ങിയ കുറ്റങ്ങളാണ് ചുമത്തിയിരിക്കുന്നത്.

മാന്റെ ഒന്റാറിയോയിലെ അഭിഭാഷക ലൈസൻസ് 2025 ജൂലൈയിൽ റദ്ദാക്കിയിരുന്നു.

ഈ കേസിൽ കൂടുതൽ ആളുകൾ തട്ടിപ്പിന് ഇരയായിട്ടുണ്ടാകാമെന്നാണ് അന്വേഷണ ഉദ്യോഗസ്ഥരുടെ നിഗമനം. സമാന രീതിയിൽ സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുള്ളവർ പീൽ റീജിയണൽ പൊലീസിന്റെ ഫ്രോഡ് ബ്യൂറോയുമായി ബന്ധപ്പെടണമെന്ന് അധികൃതർ അഭ്യർത്ഥിച്ചിട്ടുണ്ട്.

## കേന്ദ്ര ധനകാര്യമന്ത്രി നിർമ്മലാ സീതാരാമന് ഷിക്കാഗോയിൽ ഉജ്വല സ്വീകരണം നൽകി



ഷിക്കാഗോ: അമേരിക്കയിൽ നടക്കുന്ന ജി 20 സമ്മേളനത്തിൽ പങ്കെടുക്കാൻ എത്തിയ കേന്ദ്ര ധനകാര്യമന്ത്രി നിർമ്മലാ സീതാരാമന് ഷിക്കാഗോയിൽ ഉജ്വല സ്വീകരണം നൽകി. ഷിക്കാഗോ ഇന്ത്യൻ കോൺസുലേറ്റ് ആണ് സ്വീകരണ യോഗവും, ഡിന്നറും ഒരുക്കിയത്.

ഷിക്കാഗോയിലെ ഇന്ത്യൻ സമൂഹത്തിലെ പ്രമുഖരായ 150 പേരെയാണ് ഈ സ്വീകരണ ചടങ്ങിലേക്ക് ക്ഷണിച്ചത്. മലയാളികളെ പ്രതിനിധീകരിച്ച് ഇന്ത്യൻ എൻജിനീയേഴ്സ് അസോസിയേഷൻ പ്രസിഡന്റും യു.എസ് ടെക്രോണിക്സിന്റെ പ്രസിഡന്റുമായ ഗ്ലാഡ്സൺ വർഗീസ്, ഫോമാ മുൻ വൈസ് പ്രസിഡന്റ് സണ്ണി വള്ളിക്കളം, ഷിക്കാഗോ മുൻ സാർജന്റ് ഓഫ് പോലീസ് ടോമി മേത്തിപ്പാറ എന്നിവർ സംബന്ധിച്ചു.

കേന്ദ്ര മന്ത്രി നിർമ്മലാ സീതാരാമൻ നടത്തിയ പ്രസംഗത്തിൽ 2026 ൽ ഇന്ത്യ കൈവരിച്ച നേട്ടങ്ങൾ ഊന്നിപ്പറഞ്ഞു. അതിൽ ഏറ്റവും പ്രധാനമായത് 7.6 ശതമാനം ജി.ഡി.പി വളർച്ച നേടിയതാണ്. യുദ്ധങ്ങൾ തുടങ്ങി നിരവധി പ്രശ്നങ്ങൾക്കിടയിലാണ് 2026ൽ ഈ നേട്ടം കൈവരിച്ചത്. 2025ൽ 7.1 ശതമാനമായിരുന്നു.

കാനഡയിലേയും, ഷിക്കാഗോയിലേയും വിവിധ കമ്പനികളുടെ സി.ഇ.ഒമാരുമായി അവർ ചർച്ചകൾ നടത്തി. അവരെ ഇന്ത്യയിലേക്ക് ബിസിനസ് നടത്തുവാൻ ക്ഷണിച്ചു.

ജി20 ഉച്ചകോടിയിൽ പങ്കെടുക്കാൻ അമേരിക്കയിലെത്തിയ ധനകാര്യ സെക്രട്ടറി സ്കോട്ട് ബെസ്സന്റുമായും മറ്റ് രാജ്യങ്ങളിലെ ധനകാര്യ മന്ത്രിമാരുമായും വിവിധ ചർച്ചകൾ നടത്തും.

ഇന്ത്യയിൽ വിവിധ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുവാനും, തൊഴിൽ അവസരങ്ങൾ കൂട്ടുവാനും സഹായകമായ സാഹചര്യം ഉണ്ടാക്കുമെന്ന് മന്ത്രി പറഞ്ഞു. മലയാളികൾക്ക് അവർ ഹൃദ്യമായ ഓണാശംസകൾ നേർന്നു.

ഷിക്കാഗോ കോൺസുലേറ്റിന്റെ പരിധിയിൽ ഒമ്പത് അമേരിക്കൻ സ്റ്റേറ്റുകൾ ആണ്. അവിടെ ഏതാണ്ട് 8,00,000 ലക്ഷം ഇന്ത്യക്കാരുണ്ടെന്ന് കോൺസൽ ജനറൽ സോമനാഥ് ഘോഷ് പറഞ്ഞു. കോൺഗ്രസ് മാൻ രാജാ കൃഷ്ണമൂർത്തി തന്റെ പ്രസംഗത്തിൽ അമേരിക്കൻ കോൺഗ്രസിൽ ഇപ്പോൾ ആറ് കോൺഗ്രസ്മാൻമാരും, അമേരിക്കയിലെ മൊത്തം ഡോക്ടർമാരിൽ 10 ശതമാനവും ഇന്ത്യക്കാരാണെന്നും കൂട്ടിച്ചേർത്തു.

## കെപിസിസി വൈസ് പ്രസിഡന്റ് അഡ്വക്കേറ്റ് ജെയ്സൺ ജോസഫിന് ഐഒസി യുഎസ്എ സ്വീകരണം നൽകി



ന്യൂ ജേഴ്സി: കെപിസിസി വൈസ് പ്രസിഡന്റും വീക്ഷണം പത്രത്തിന്റെ എംഡിയും എഐസിസി മെമ്പറുമായ അഡ്വക്കേറ്റ് ജെയ്സൺ ജോസഫിന് ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് (ഐഒസി യൂ എസ്എ) സ്വീകരണം നൽകി.

ന്യൂ ജേഴ്സി ടീനെക്കിലുള്ള ടേസ്റ്റ് ഓഫ് ഇന്ത്യ റെസ്റ്റോറന്റിൽ വച്ച് നടത്തപ്പെട്ട സ്വീകരണച്ചടങ്ങിൽ ഇന്ത്യൻ ഓവർസീസ് കോൺഗ്രസിന്റെ നേതാക്കളും അഡ്വക്കേറ്റ് ജെയ്സൺ ജോസഫിന്റെ സുഹൃത്തുക്കളും നാട്ടുകാരുമടക്കം നിരവധി സുഹൃത്തുക്കൾ പങ്കെടുത്തു.

ഐഒസി യൂഎസ്എയുടെ ന്യൂ ജേഴ്സി ചാപ്റ്റർ പ്രസിഡന്റ് ജെയിംസ് ജോർജ് അധ്യക്ഷനായിരുന്ന ചടങ്ങിൽ ഐഒസി യൂ എസ് എ കേരളാ ചാപ്റ്റർ നാഷണൽ ജനറൽ സെക്രട്ടറി ജോസഫ് ഇടിക്കുള സ്വാഗതം പറഞ്ഞു.

തിരഞ്ഞെടുപ്പിൽ വൻവിജയം നേടിയ കോൺഗ്രസിനെയും ഘടകകക്ഷികളെയും അദ്ദേഹം അഭിനന്ദിച്ചു.

സുഹൃത്തായ ബിജു സക്കറിയയുടെ ടേസ്റ്റ് ഓഫ് ഇന്ത്യ എന്ന റെസ്റ്റോറന്റ് സ്വീകരണത്തിന് വേദിയായി. സജു മാരോട്ട്, ബിജു സക്കറിയ, ജേക്കബ്, ബിമൽ, ആദർശ്, ജോബിൻ തുടങ്ങിയവർ നേതൃത്വം നൽകി.

കൂടുതൽ വിവരങ്ങൾക്ക്: പ്രസിഡന്റ് ജെയിംസ് ജോർജ് 973 985 8432, ചെയർമാൻ ബിജു വലിയകല്ലുങ്കൽ 201 723 7664, വൈസ് ചെയർമാൻ സജി ഫിലിപ്പ് 201 925 4157, വൈസ് ചെയർമാൻ എൽദോ പോൾ 201 370 5019, സെക്രട്ടറി ടോം കടിയംപള്ളിൽ 908 636 8082, ട്രഷറർ അനിൽ മാത്യു 201 638 33 27, നാഷണൽ ജനറൽ സെക്രട്ടറി ജോസഫ് ഇടിക്കുള 201 421 5303.

# അമേരിക്കൻ എഴുത്തുകാരി ഗ്ലോറിയ സ്റ്റൈനിം അന്തരിച്ചു



ന്യൂയോർക്ക്: വനിതാ വിമോചന പ്രസ്ഥാനത്തിന്റെ ഏറ്റവും ശ്രദ്ധേയമായ മുഖവും ലോകമെമ്പാടുമുള്ള ഫെമിനിസ്റ്റ് പോരാട്ടങ്ങൾക്ക് ശക്തമായ ശബ്ദവുമായിരുന്ന എഴുത്തുകാരിയും സാമൂഹിക പ്രവർത്തകയുമായ ഗ്ലോറിയ സ്റ്റൈനിം അന്തരിച്ചു. 92 വയസായിരുന്നു. ന്യൂയോർക്കില വസതിയിൽ ബുധനാഴ്ചയാണ് അന്ത്യം.

സ്ത്രീസമത്വത്തിനും ഫെമിനിസ്റ്റ് ആശയങ്ങൾക്കും വേണ്ടി ജീവിതകാലം മുഴുവൻ നിലകൊണ്ട വ്യക്തിയായിരുന്നു ഗ്ലോറിയ. പ്രശസ്ത സ്ത്രീ മാഗസിൻ മിസ്. മാഗസിന്റെ സഹസ്ഥാപക കൂടിയായിരുന്നു.

ജീവിതത്തിന്റെ വലിയൊരു ഭാഗവും ഗ്ലോറിയ യാ ത്രകളിലായിരുന്നു. കോളജ് ക്യാമ്പസുകൾ, കമ്മ്യൂണിറ്റി സെന്ററുകൾ, പൊതുയോഗങ്ങൾ, പ്രതിഷേധ റാലികൾ തുടങ്ങിയ പൊതുപരിപാടികളിലും സ്ഥലങ്ങളിലും സ്ത്രീസമത്വത്തിന് വേണ്ടി നിരന്തരം സംസാരിച്ചു. വെളുത്ത വരകളോടുകൂടിയ മുടിയും വലിയ ഏവിയേറ്റർ കണ്ണടയും ഗ്ലോറിയ സ്റ്റൈനിമിന്റെ വ്യക്തിത്വത്തിന്റെ ഭാഗമായി. മറ്റുള്ളവരെ ശ്രദ്ധയോടെ കേൾക്കാനും അവരുടെ വാക്കുകൾക്ക് വിലയുണ്ടെന്ന് ബോധ്യപ്പെടുത്താനുമുള്ള കഴിവായിരുന്നു ഗ്ലോറിയയുടെ ഏറ്റവും വലിയ പ്രത്യേകത. സ്വതന്ത്രമായ ചിന്തയും നിരന്തരമായ ജിജ്ഞാസയും മികച്ച നർമബോധവും ജീവിതാവസാനംവരെ കാത്തുസൂക്ഷിച്ചു.

പത്രപ്രവർത്തകയായാണ് ഗ്ലോറിയ സ്റ്റൈനിം കരിയർ ആരംഭിച്ചത്. 1963ൽ ഹ്യൂ ഹെഫ്നറിന്റെ പ്ലേബോയ് എന്ന സ്ഥാപനത്തിൽ സ്ത്രീകൾ നേരിട്ട തൊഴിൽ സാഹചര്യങ്ങളെക്കുറിച്ച് അവിടെ രഹസ്യമായി ജോലിചെയ്ത് അവർ പുറംലോകത്തെ അറിയിച്ചത് ഏറെ ശ്രദ്ധ നേടി. എന്നാൽ ആ ദൗത്യത്തെക്കുറിച്ച് പിന്നീട് തനിക്ക് ഖേദമുണ്ടായിരുന്നുവെന്നും അവർ പറഞ്ഞിരുന്നു. പ്രായം ഗ്ലോറിയയുടെ പ്രവർത്തനങ്ങൾക്ക് തടസമായിരുന്നില്ല. എൺപതുകളിലെത്തിയ ശേഷവും അവർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സഞ്ചരിക്കുകയും സാമൂഹിക വിഷയങ്ങളിൽ ശക്തമായി പ്രതികരിക്കുകയും ചെയ്തു. ജീവിതത്തിന്റെ അവസാന നാളുകളിലും എഴുത്തിനും സമൂഹവുമായി അടുത്തിടപഴകുന്നതിനും സമയം കണ്ടെത്തി. തന്റെ സ്വന്തം വീട്ടിൽ നൂറുകണക്കിന് ആളുകളെ പങ്കെടുപ്പിച്ചു കൊണ്ട് സംവാദം ഗ്ലോറിയ സംഘടിപ്പിച്ചിരുന്നു.

*"We were the people who were not in the papers. We lived in the blank white spaces at the edges of print. It gave us more freedom. We lived in the gaps between the stories."*
*-Margaret Atwood, The Handmaid's Tale*

# ഓണപ്പൊലിമയിൽ ചരിത്രം കുറിച്ച് ട്രൈസ്റ്റേറ്റ് കേരള ഫോറം ഓണം അവിസ്മരണീയമായി




**- സുമോദ് തോമസ് നെല്ലിക്കാല**

ഫിലഡൽഫിയ: കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകവും മലയാളി സമൂഹത്തിന്റെ കൂട്ടായ്മയും വിളിച്ചോതിക്കൊണ്ട് ട്രൈസ്റ്റേറ്റ് കേരള ഫോറത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചട്രൈസ്റ്റേറ്റ് കേരള ഫോറം 2026 ഓണമഹോത്സവംവിവിധ കലാപരിപാടികളുടെയും സാംസ്കാരിക അവതരണങ്ങളുടെയും പുരസ്കാര വിതരണത്തിന്റെയും വേദിയൊരുക്കിക്കൊണ്ട് കേരളീയ പൈതൃകത്തിന് അമേരിക്കൻ മണ്ണിൽ തിലകക്കുറി ചാർത്തി പ്രൗഢ ഗംഭീരമായി ആഘോഷിച്ചു.

സംഗീതം, നൃത്തം, ഘോഷയാത്ര, പൊതുസമ്മേളനം, പുരസ്കാര വിതരണം, സ്റ്റേജ് ഷോ എന്നിവകൊണ്ട് സമ്പന്നമായ ആഘോഷത്തിൽ വിവിധ തലമുറകളിലുള്ള മലയാളികളുടെ സജീവ പങ്കാളിത്തം ശ്രദ്ധേയമായി. മലയാളി സമൂഹത്തിന്റെ കൂട്ടായ്മയും കേരളീയ സംസ്കാരത്തിന്റെ പാരമ്പര്യവും ആഘോഷമാക്കി മാറ്റിയ പരിപാടിയിൽ നിരവധി സാമൂഹിക, സാംസ്കാരിക, കലാരംഗത്തെ പ്രമുഖർ പങ്കെടുത്തു.

പരിപാടിയുടെ തുടക്കത്തിൽ ഷിജി ഷാനി എം.സിയായി ഏകോപിപ്പിച്ച ഗാനാലാപന സദസ് മുന്നോടിയായി നടന്നു. സുമോദ് നെല്ലിക്കാല, ജീമോൻ ജോർജ്, ഷിജി ഷാനി, റീമ അബി, ജെയ്സൺ വർഗീസ് എന്നിവർ അവതരിപ്പിച്ച ഗാനങ്ങളോട് കൂടി ആഘോഷത്തിന് തുടക്കമായി.

ട്രൈസ്റ്റേറ്റ് കേരള ഫോറത്തിന്റെ ബാനറിന് കീഴിൽ ഭാരവാഹികളും വിശിഷ്ടാതിഥികളും താലപ്പൊലിയുമായി അണിനിരന്നപ്പോൾ മഹാബലിയുടെ സാന്നിധ്യവും ചെണ്ടമേളവും ഘോഷയാത്രയ്ക്ക് ഉത്സവച്ഛായ നൽകി. വിവിധ വിഭാഗങ്ങളിൽ നിന്നുള്ളവരും ഘോഷയാത്രയിൽ അണിനിരന്നു.

ഘോഷയാത്രയുടെ അറിയിപ്പുകളും അവതരണവും ജീമോൻ ജോർജും സുരേഷ് നായരും നിർവഹിച്ചു. കേരളത്തിന്റെ പരമ്പരാഗത ഓണാചാരങ്ങളും കലാരൂപങ്ങളും അമേരിക്കൻ മലയാളി സമൂഹത്തിന് മുന്നിൽ അവതരിപ്പിച്ചുകൊണ്ട് കേരളത്തിലെ ഓണാഘോഷങ്ങളുടെ ദൃശ്യഭംഗി അമേരിക്കൻ മലയാളി സമൂഹത്തിന് മുന്നിൽ പുനഃസൃഷ്ടിച്ച മനോഹരമായ വേദിയായി ഘോഷയാത്ര മാറി. സുരേഷ് നായർ ഒരുക്കിയ പൂക്കളം ശ്രദ്ധ പിടിച്ചു പറ്റി.

തുടർന്ന് ഭാരവാഹികളും വിശിഷ്ടാതിഥികളും ചേർന്ന് നിലവിളക്ക് തെളിയിച്ചു. ചടങ്ങിന്റെ എം.സി.മാരായി സാജൻ വർഗീസും അഭിലാഷ് ജോണും നേതൃത്വം നൽകി.

കേരളീയ കലാപാരമ്പര്യത്തിന്റെ മനോഹാരിത നിറച്ച മെഗാ തിരുവാതിരയും മെഗാ മോഹിനിയാട്ടവും വേദിയിൽ അരങ്ങേറി. മാതാ ഡാൻസ് അക്കാദമിയിലെ ഗുരു ഗിന്നസ് ബേബി തടവിനാലിന്റെ നേതൃത്വത്തിലായിരുന്നു കൊറിയോഗ്രഫി.

തുടർന്ന് ഓണത്തിന്റെ ഐതിഹ്യവും മലയാളിയുടെ ജീവിതത്തിൽ ഓണത്തിനുള്ള സാംസ്കാരിക പ്രാധാന്യവും ഓർമ്മിപ്പിക്കുന്ന മഹാബലിയുടെ സന്ദേശവും ഓണം കൗണ്ട്ഡൗൺ വീഡിയോ പ്രദർശനവും നടന്നു.

പൊതുസമ്മേളനത്തിൽ ട്രൈസ്റ്റേറ്റ് കേരള ഫാറം ജനറൽ സെക്രട്ടറി ജോബി ജോർജ് പൊതുസമ്മേളനത്തിന്റെ എം.സിയായി പരിപാടികൾ നിയന്ത്രിച്ചു.

അമേരിക്കൻ ദേശീയഗാനം ഡോ.ജാസ്മിൻ വിൻസന്റ് എം.ഡി. ആലപിച്ചു. ഇന്ത്യൻ ദേശീയഗാനം മിസ്. അബിയ മാത്യു ആലപിച്ചു.

ഓണം ആഘോഷ കമ്മിറ്റി ചെയർമാനും ട്രൈസ്റ്റേറ്റ് കേരള ഫോറം ഭാരവാഹിയുമായ ബിനു മാത്യു സ്വാഗതം പറഞ്ഞു.

ട്രൈസ്റ്റേറ്റ് കേരള ഫോറം ചെയർമാൻ ലെനോ സ്കറിയ അധ്യക്ഷത വഹിച്ചു. സംഘടനയുടെ പ്രവർത്തനങ്ങളിൽ അംഗങ്ങളുടെയും സമൂഹത്തിന്റെയും സഹകരണത്തിന് അദ്ദേഹം നന്ദി പറഞ്ഞു.

ഡോ. എം.വി. പിള്ളക്ക് ട്രൈസ്റ്റേറ്റ് ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് സമ്മാനിച്ചു. വിൻസന്റ് ഇമ്മാനുവൽ ഡോ.എം.വി.പിള്ളയെ സദസിന് പരിചയപ്പെടുത്തി. അദ്ദേഹത്തിന്റെ ദീർഘകാലത്തെ സേവനങ്ങൾക്കും സമൂഹത്തിനും വിവിധ മേഖലകൾക്കും നൽകിയ സംഭാവനകൾക്കുമുള്ള അംഗീകാരമായാണ് പുരസ്കാരം നൽകിയത് എന്ന് അവാർഡ് കമ്മിറ്റി ചെയർമാൻ ജീമോൻ ജോർജ് സന്ദേശത്തിൽ അഭിപ്രായപ്പെട്ടു.

24 ന്യൂസ് ചാനൽ എഡിറ്ററും ഫ്ളവേഴ്സ് ടിവിയുമായി ബന്ധപ്പെട്ട പ്രവർത്തകനുമായ പി.പി. ജെയിംസ് ആശംസാപ്രസംഗം നടത്തി. അമേരിക്കൻ മലയാളി സമൂഹം കേരളത്തിന്റെ സംസ്കാരവും ഭാഷയും പാരമ്പര്യവും സംരക്ഷിക്കുന്നതിൽ നടത്തുന്ന പ്രവർത്തനങ്ങളെ അദ്ദേഹം അഭിനന്ദിച്ചു.

ട്രൈസ്റ്റേറ്റ് കേരള ഫോറം ട്രഷറർ രാജൻ സാമുവൽ നന്ദി പറഞ്ഞു.

സാംസ്കാരിക പരിപാടികളുടെ അവതാരകനായിരുന്നു റോണി വർഗീസ്. തുടർന്ന് വിവിധ കലാപരിപാടികൾ അരങ്ങേറി.

അനീഷ് ജോയ്, അലക്സ് തോമസ്, ഫിലിപ്പോസ് ചെറിയാൻ എന്നിവർ കോ ഓർഡിനേറ്റർമാരായി പ്രവർത്തിച്ചു.

തോമസ് പോൾ, സുധ കർത്ത, സാജൻ വറുഗീസ്, ദിലീപ് ജോർജ്, ജോൺ പണിക്കർ, സുമോദ് നെല്ലിക്കാല, അരുൺ, അനൂപ്, സിജിൻ എന്നിവരും പരിപാടിയുടെ വിജയത്തിനായി പ്രവർത്തിച്ചു.

# മാഗ് പുതിയ ചരിത്രത്തിലേക്ക് ഒരു ചുവട് കൂടി മുന്നേറി

**- ജിൻസ് മാത്യു, റിവർസ്റ്റോൺ**

ഹൂസ്റ്റൺ: നോർത്ത് അമേരിക്കയിലെ ഏറ്റവും വലിയ മലയാളി അസോസിയേഷനായ മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഹ്യൂസ്റ്റൺ (മാഗ്പ) പുതിയ തലമുറയ്ക്ക് വേണ്ടി ഒരു പടി കൂടി മുന്നേറി നിലവിലുള്ള ഒന്നര ഏക്കർ സ്ഥലത്തോടൊപ്പം ചേർന്ന് കിടക്കുന്ന ഒന്നര ഏക്കർ സ്ഥലവും സ്വന്തമായി വാങ്ങി.

നഗരത്തിന്റെ ഹൃദയ ഭാഗത്ത് മാഗിന് ഒന്നര ഏക്കർ സ്ഥലവും ഇരുനൂറോളം പേരെ ഉൾക്കൊള്ളാവുന്നതുമായ ഹാൾ ഉൾപ്പെടെ കേരള ഹൗസ് എന്ന പേരുള്ള ആസ്ഥാനവുമുണ്ട്. സമീപ ഭാവിയിൽ തന്നെ മലയാളികൾക്ക് അഭിമാനിക്കാവുന്ന ഒരു കമ്യൂണിറ്റി സെന്റർ നിർമ്മിക്കുവാനാണ് പദ്ധതി.

ആസ്ഥാന മന്ദിരം നിർമിക്കുവാൻ ആദ്യകാല കുടിയേറ്റക്കാരുടെയും പുതിയതായി വന്നവരുടെയും സഹായ ഹസ്തങ്ങളുണ്ട്. ഓരോ വർഷവും ചാർജെടുക്കുന്ന ഭരണ സമിതികൾ ഇതിനായി ആത്മാർത്ഥമായി പരിശ്രമിച്ചിട്ടുണ്ടെന്ന് മാഗ് പ്രസിഡന്റ് റോയി മാത്യു നന്ദിയോടെ സ്മരിച്ചു.

ലാൻഡ് ക്ലോസിംഗ് സെറിമണിയിൽ സ്റ്റാഫോർഡ് സിറ്റി മേയർ കെൻ മാത്യു, പ്രസിഡന്റ് റോയി മാത്യു, സെക്രട്ടറി വിനോദ് ചെറിയാൻ, ട്രഷറർ സുനിൽ തങ്കപ്പൻ, ട്രസ്റ്റി ബോർഡ് ചെയർമാൻ ജോജി ജോസഫ്, മെമ്പർ ക്ലാരമ്മ മാത്യു, മാഗ് ബോർഡ് മുൻ പ്രസിഡന്റുമാരായ ജയിംസ് ജോസ്.കെ.ജോൺ, വിനോദ് വാസുദേവൻ, മുൻഭാരവാഹികളായ മാത്യു മത്തായി, സുജിത്ത് ചെറിയാൻ എന്നിവർ സംബന്ധിച്ചു.



*മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഹൂസ്റ്റൺ ഹോം സ്വീറ്റ് ഹോം സമ്മേളനത്തിൽ നിന്നും*

# രഹസ്യവിവരങ്ങൾ ചോർത്തി: ഗൂഗിളിലെ മുൻ സോഫ്റ്റ്‌വെയർ എൻജിനീയർ കുറ്റക്കാരനെന്ന് കോടതി

ഗൂഗിളിന്റെ ഐഎ അടിസ്ഥാനസൗകര്യങ്ങളുമായി ബന്ധപ്പെട്ട രഹസ്യവിവരങ്ങൾ ചോർത്തിയതിന് ഗൂഗിളിലെ മുൻ സോഫ്റ്റ്‌വെയർ എൻജിനീയർ ലിൻവെയ് ഡിങ് കുറ്റക്കാരനെന്ന് യുഎസ് കോടതി കണ്ടെത്തി. ചൈനീസ് കമ്പനികൾക്കുവേണ്ടിയാണ് ഡിങ് രഹസ്യവിവരങ്ങൾ ചോർത്തിയതെന്നാണ് കണ്ടെത്തൽ. 12 മാസത്തെ തടവുശിക്ഷയാണ് ഇയാൾക്ക് വിധിച്ചിരിക്കുന്നത്. ഇതിൽ ഒരു ദിവസത്തിന്റെ ഇളവു ലഭിക്കും.

ടെൻസർ പ്രോസസിങ് യൂണിറ്റ് (ടി.പി.യു.), ഗ്രാഫിക്സ് പ്രോസസിങ് യൂണിറ്റ് (ജി.പി.യു.) സംവിധാനങ്ങൾ ഉൾപ്പെടെ, വൻകിട ഐഎ മോഡലുകൾ പരിശീലിപ്പിക്കുന്നതിനുള്ള ഗൂഗിളിന്റെ ഹാർഡ് വെയർ സംവിധാനങ്ങളും സോഫ്റ്റ്‌വെയർ പ്ലാറ്റ്‌ഫോമും സംബന്ധിച്ച വിവരങ്ങളാണ് ലിൻവെയ് ഡിങ് ചൈനീസ് കമ്പനികൾക്ക് കൈമാറിയത്.

ബിരുദാനന്തരബിരുദം നേടുന്നതിനാണ് 2010ൽ ചൈനക്കാരനായ ലിൻവേയ് ഡിങ് യുഎസിൽ എത്തിയത്. പിന്നീട് സിലിക്കൺ വാലിയിലെ വിവിധ സാങ്കേതികവിദ്യാ കമ്പനികളിൽ പ്രവർത്തിച്ചതിനുശേഷം ഇയാൾ 2019ൽ ഗൂഗിളിലെത്തി. 2021ൽ യുഎസിലെ സ്ഥിരതാമസക്കാരനാവുകയും ചെയ്തു.

നിർമിതബുദ്ധിയെ പരിശീലിപ്പിക്കുന്നതിനുള്ള ഗൂഗിളിന്റെ സൂപ്പർ കംപ്യൂട്ടിങ് ഡാറ്റാ സെന്ററുകൾ നിർമിക്കാനുള്ള ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ സാങ്കേതികവിദ്യകളെക്കുറിച്ചുള്ള വിവരങ്ങളാണ് ഇയാൾ ചോർത്തിയത്. ഗൂഗിളിന്റെ നെറ്റ്‌വർക്കിൽനിന്ന് തന്റെ സ്വന്തം ഗൂഗിൾ ക്ലൗഡ് അക്കൗണ്ടിലേക്കാണ് ഇയാൾ രഹസ്യവിവരങ്ങൾ മാറ്റിയത്.

ദശാബ്ദങ്ങളുടെ ഗവേഷണഫലമായാണ് ഐഎയെ പരിശീലിപ്പിക്കുന്നതിനുള്ള ഗൂഗിൾ ടെൻസർ പ്രൊസസിങ് യൂണിറ്റുകൾ (ടിപിയു) വികസിപ്പിച്ചത്. ഈ വിവരങ്ങൾ ലഭിച്ചാൽ വർഷങ്ങളുടെ കഠിനാധ്വാനം ലാഭിച്ച് ചൈനീസ് കമ്പനികൾക്ക് സൂപ്പർ കംപ്യൂട്ടറുകൾ സ്ഥാപിക്കാനും ഐഎയെ പരിശീലിപ്പിച്ച് മുന്നേറാനും സാധിക്കുമെന്നാണ് ഗവേഷകർ പറയുന്നത്.

ജനുവരിയിൽ നടന്ന 11 ദിവസം നീണ്ട വിചാരണയിൽ കോടതി ഇയാളെ കുറ്റക്കാരനെന്ന് കണ്ടെത്തിയിരുന്നു. ഗൂഗിളിന്റെ സ്വത്ത് മോഷ്ടിക്കാനുള്ള ആസൂത്രിതവും ധിക്കാരപരവുമായ ശ്രമമെന്നാണ് ഇതിനെ കോടതി വിശേഷിപ്പിച്ചത്. ജയിൽശിക്ഷ കഴിഞ്ഞാൽ പ്രത്യേക ഉദ്യോഗസ്ഥന്റെ നിരീക്ഷണത്തിലും മേൽനോട്ടത്തിലും രണ്ടു വർഷക്കാലം ഇയാൾ ജീവിക്കേണ്ടിവരും. കൂടാതെ 25,000 ഡോളർ പിഴയടയ്ക്കണം. നഷ്ടപരിഹാരമായി 1,89,000 ഡോളറിലധികം തുകയും ഡിങ് നൽകേണ്ടിവരും.

# ഐ. എം. എയുടെ ഓണസമ്മാനം സജി തോമസ് കൊട്ടാരക്കരയ്ക്ക്

തോമസിന് കൈതാങ്ങ് തന്റെ ഭവനം എന്ന സ്വപ്നം പൂവണിയാൻ ഏറെ സഹായകമാകും. ഭാര്യയും രണ്ടു കുട്ടികളും അമ്മയും അടങ്ങുന്ന ഈ കുടുംബത്തിന്റെ ഏക അത്താണി സജിയാണ്. ഫൊക്കാന, ഫോമാ എന്നീ സംഘടനകളും, മറ്റ് മലയാളി സംഘടനകൾക്കും വേണ്ടി ഫ്ളെയർ നിർമ്മിച്ചു നൽകിയാണ് ഉപജീവനം നടത്തുന്നത്. കൂടാതെ ഒരു വീട് ഇല്ലാത്ത താൻ അനേകർക്ക് വേണ്ടി വീടുകൾ നിർമ്മിച്ചു നൽകുകയും, വിദ്യാലയങ്ങൾ തുറക്കുമ്പോൾ വിദ്യാർത്ഥികൾക്കാവശ്യമായ സ്ക്കൂൾ ബാഗും മറ്റ് കിറ്റുകളും നൽകി സഹായിക്കുകയും ചെയ്യുന്നു.

ഒരു മികച്ച ഗ്രാഫിക്സ് ഡിസൈനർ കൂടിയായ സജി കൊട്ടാരക്കര നൂറ്റമ്പതിലധികം ഭക്തിഗാനങ്ങൾ എഴുതി സംഗീതം നൽകിയിട്ടുണ്ട്. മികച്ച ജീവകാരുണ്യ പ്രവർത്തനങ്ങളെ മാനിച്ച് ഗ്ലോബൽ ഇൻഡ്യൻ ന്യൂസിന്റെ സോഷ്യൽ വർക്കർ ഓഫ് ദ ഇയർ അവാർഡ് ഉൾപ്പെടെ നിരവധി ആദരവുകൾ അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. തന്റെ ശാരീരിക ബുദ്ധിമുട്ടുകളെപ്പോലും വകവെക്കാതെ സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവർക്കായി ജീവിതം സമർപ്പിച്ച സജിതോമസ് ഒട്ടനവധി ആളുകൾക്ക് പ്രചോദനമാണെന്നും അതിൽ ഇല്ലിനോയി മലയാളി അസോസിയേഷൻ അഭിമാനം കൊള്ളുന്നു എന്ന് പ്രസിഡന്റ് ജോയി പീറ്റർ ഇൻഡിക്കുഴി, മുൻ പ്രസിഡന്റുമാരായ ജോർജ് പണിക്കർ, സിറിയക് കൂവക്കാട്ടിൽ, ജേയ്ബു കുളങ്ങര, സിബു മാത്യു, ജോർജ് ചക്കാലത്തൊട്ടിൽ, ട്രഷറർ ഷാനി എബ്രഹാം, മുൻ ട്രഷറർമാരായ ചന്ദ്രൻ പിള്ള, ജോസി കുരിശിങ്കൽ, ജോർജ് മാത്യു, ജോമിൻ പണിക്കർ എന്നിവർ അഭിപ്രായപ്പെട്ടു.

ചിക്കാഗോയിൽ 35 വർഷങ്ങൾക്ക് മുമ്പ് ആദ്യമായി യുവജനോത്സവം സംഘടിപ്പിച്ചതിലൂടെ ചിക്കാഗോ മലയാളികളുടെ ഹൃദയത്തിൽ ഇടം നേടിയ ഇല്ലിനോയി മലയാളി അസോസിയേഷൻ വിവിധ സന്ദർഭങ്ങളിൽ കേരളത്തിലെ ജനങ്ങൾക്ക് കൈതാങ്ങായി പ്രവർത്തിച്ചിട്ടുണ്ട്.

ഇല്ലിനോയി മലയാളി അസോസിയേഷന്റെ ഈ പ്രവർത്തനത്തെ ചിക്കാഗോ മലയാളി അസോസിയേഷൻ പ്രസിഡന്റ് ജോസ് മണക്കാട്, ഫൊക്കാന ജനറൽ സെക്രട്ടറി സന്തോഷ് നായർ, ഐ.ഓ.സി. ദേശീയ പ്രസിഡന്റ് സതീശൻ നായർ, ഫോമാ അസോസിയേറ്റ് ട്രഷറർ ജോൺസൺ കണ്ണൂക്കാടൻ, എം.എ.ജി.സി. പ്രസിഡന്റ് ജിതേഷ് ചുങ്കത്ത് എന്നിവർ അഭിനന്ദിച്ചു.

# ശ്രീനാരായണ മിഷൻ സെന്റർ വാഷിംഗ്ടൻ ഡിസി ഗുരുദേവ ജയന്തിയും ഓണാഘോഷവും



മേരിലാൻഡ്: വാഷിംഗ്ടൺ ഡി.സി. ആസ്ഥാനമായി പ്രവർത്തിക്കുന്ന ശ്രീനാരായണ സംഘടനയായ ശ്രീനാരായണ മിഷൻ സെന്റർ 172-ാമത് ശ്രീനാരായണ ഗുരുദേവ ജയന്തിയും ഓണാഘോഷവും വിപുലമായ പരിപാടികളോടെ സിൽവർ സ്പ്രിംഗ് ഒഡിസ ഷാനോൻ മിഡിൽ സ്കൂളിൽ ആഘോഷിച്ചു.

പാർവതി അഭിലാഷ് ദൈവദശകം ആലപിച്ചു. മിഷൻ സെന്റർ പ്രസിഡൻറ് സന്ദീപ് പണിക്കർ സ്വാഗതം പറഞ്ഞു.

ചെണ്ടമേളത്തിലും മോഹിനിയാട്ടത്തിലും ഗിന്നസ് വേൾഡ് റിക്കോർഡിൽ ഇടം നേടിയ മിഷൻ സെന്റർ കുടുംബാംഗങ്ങളെ ചടങ്ങിൽ പൊന്നാട അണിയിച്ച് ആദരിച്ചു. വിവിധ വിദ്യാലയങ്ങളിൽനിന്ന് ബിരുദം നേടിയ വിദ്യാർഥികൾക്കുള്ള പുരസ്കാരങ്ങളും വിതരണം ചെയ്തു.

മിഷൻ സെന്റർ സെക്രട്ടറി സജീവ് സദാനന്ദൻ നന്ദി പറഞ്ഞു. അനിൽ കുമാറും ഷീബ സുമേഷും പരിപാടിയുടെ എംസിമാരായി പ്രവർത്തിച്ചു.

# ചാരിറ്റിക്ക് മുൻതൂക്കം നൽകി പ്രവർത്തിക്കുന്ന പാസഡീന മലയാളി അസോസിയേഷന്റെ ഓണം




**- ജീമോൻ റാന്നി**

ഹൂസ്റ്റൺ: ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകി സാമൂഹിക പ്രതിബദ്ധതയോടെ പ്രവർത്തിക്കുന്ന പസഡീന മലയാളി അസോസിയേഷന്റെ (പി.എം.എ) ഓണാഘോഷം വിവിധ കലാപരിപാടികളോടെ നടത്തി.

ആഗസ്റ്റ് 29 ശനിയാഴ്ച രാവിലെ ട്രിനിറ്റി മാർത്തോമാ ചർച്ച് ഹാളിൽ നടന്ന ആഘോഷത്തിൽ നിരവധി കുടുംബങ്ങളും അംഗങ്ങളും പങ്കെടുത്തു.

നൃത്തചുവടുകളുമായി മാവേലിയുടെ എഴുന്നള്ളത്ത്, താലപ്പൊലി, വെഞ്ചാമരം, മുത്തുക്കുടകൾ, പുലികളി, ചെണ്ടമേളം തുടങ്ങിയ പരമ്പരാഗത ഓണക്കാഴ്ചകൾ ആഘോഷത്തിന് വർണപ്പകിട്ടേകി. തിടമ്പും വെഞ്ചാമരങ്ങളും കുടകളും ചൂടിയ ഗജവീരന്മാരുടെ കട്ട്ഔട്ടുകളും ആഘോഷം ആകർഷകമാക്കി.

വിവിധ നൃത്തപരിപാടികളും സ്കിറ്റുകളും ഉൾപ്പെടെയുള്ള കലാപരിപാടികൾ സദസ്സിന്റെ കൈയടി നേടി. പി.എം.എ യുടെ ചുണക്കുട്ടികൾ തുഴഞ്ഞ അതിഗംഭീര വള്ളംകളി ഓണാഘോഷത്തിലെ ഏറ്റവും ശ്രദ്ധേയമായ പരിപാടികളിലൊന്നായി മാറി.

പി.എം.എ പ്രസിഡന്റ് റിച്ചാർഡ് സ്കറിയയുടെ നേതൃത്വത്തിൽ നടന്ന ആഘോഷത്തിന്റെ വിജയത്തിനായി സെക്രട്ടറി കൂടിയായ പ്രോഗ്രാം കോർഡിനേറ്റർ ജോമോൻ ജേക്കബ്, വൈസ് പ്രസിഡന്റ് ഈശോ അബ്രഹാം, ട്രസ്റ്റി വിൽസൺ ജോൺ എന്നിവരും കമ്മിറ്റി അംഗങ്ങളായ തോമസ് ഉമ്മൻ, ജോൺ ജോസഫ് (ബാബു), ഫെലിക്സ്, ബ്രൂണോ കൊറേയ, ജോമി, ആന്റണി, റോ ബിൻ, ബിജോ ചാക്കോ എന്നിവരും സജീവമായി പ്രവർത്തിച്ചു.

കമ്മിറ്റി അംഗങ്ങളുടെയും സന്നദ്ധ പ്രവർത്തകരുടെയും കൂട്ടായ പരിശ്രമവും അംഗങ്ങളുടെ മികച്ച സഹകരണവുമാണ് ഓണാഘോഷം ഇത്രയും ഗംഭീരമായി നടത്താൻ സഹായിച്ചതെന്ന് ഭാരവാഹികൾ അറിയിച്ചു. കേരളത്തിന്റെ തനത് ഓണക്കാല പാരമ്പര്യങ്ങളും സൗഹൃദവും ഒരുമയും വിളിച്ചോതിയ ആഘോഷം പങ്കെടുത്ത എല്ലാവർക്കും മറക്കാനാകാത്ത അനുഭവമായി. വിഭവ സമൃദ്ധമായ ഓണസദ്യ ഏവരും ആസ്വദിച്ചു

| | | | |
|---|---|---|---|
| 16 Sept | Malaysia Day | 21 Sept | World Alzheimer's Day |
| 16 Sept | World Ozone Day | 22 Sept | Rose Day |
| 17 Sept | Vishwakarma Puja | | (Welfare of Cancer Patients) |
| 17 Sept | World Patient Safety Day | 22 Sept | World Rhino Day |
| 17 Sept | PM Narendra Modi's Birthday | 23 Sept | International Day of Sign Languages |
| 18 Sept | World Bamboo Day | 25 Sept | Anant Chaturdasi |
| 19 Sept | International Talk Like a Pirate Day | 25Sept | World Pharmacists Day |
| 19Sept | International Red Panda Day | 25 Sept | Antyodaya Diwas |
| | (3rd Saturday) | 26 Sept | European Day of Languages |
| 21 Sept | International Day of Peace (UN) | | Last week of Sept |